بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد


وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 11    ലക്കം 36

# ബദർ

വാരിക ഖാദിയാൻ

Weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 600

www.akhbarbadrqadian.in

പത്രാധിപർ : എച്ച്.ശംസുദ്ദീൻ

2026 സംപ്റ്റംബർ 3 • ഹി.ശം 1405 തബൂക്ക് 3 • ഹി. ഖ. 1448 റബീഉൽ അവ്വൽ 20




## വിശുദ്ധ ഖുർആനിൽ നിന്ന്:

يٰۤاَيُّهَا الَّذِيۡنَ اٰمَنُوۡا هَلۡ اَدُلُّكُمۡ عَلٰى تِجَارَةٍ تُنۡجِيۡكُمۡ مِّنۡ عَذَابٍ اَلِيۡمٍ ○ تُؤۡمِنُوۡنَ بِاللّٰهِ وَ رَسُوۡلِهٖ
وَ تُجَاهِدُوۡنَ فِىۡ سَبِيۡلِ اللّٰهِ بِاَمۡوَالِكُمۡ وَ اَنۡفُسِكُمۡ ؕ ذٰلِكُمۡ خَيۡرٌ لَّكُمۡ اِنۡ كُنۡتُمۡ تَعۡلَمُوۡنَ ○

വിശ്വസിച്ചവരേ, വേദനാജനകമായ ഒരു ശിക്ഷയിൽനിന്ന് നിങ്ങളെ രക്ഷിക്കുന്ന ഒരു കച്ചവടത്തെക്കുറിച്ച് ഞാൻ നിങ്ങൾക്ക് അറിവ് നൽകട്ടെയോ? നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം കൊണ്ടും തങ്ങളുടെ ജീവൻകൊണ്ടും സമരം ചെയ്യണമെന്നതുമാണത്. നിങ്ങളറിയുന്നുവെങ്കിൽ അത് നിങ്ങൾക്ക് ഏറെ ഗുണകരമാണ്. (61:11,12).



ഹദീസ്:

## നഫ്സിനോടുള്ള പോരാട്ടമാണ് യഥാർഥ ജിഹാദ്

عَنْ فَضَالَةَ بْنَ عُبَيْدٍ يُحَدِّثُ، عَنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهُ قَالَ: "كُلُّ مَيِّتٍ يُخْتَمُ عَلَى عَمَلِهِ إِلَّا الَّذِي مَاتَ مُرَابِطًا فِي سَبِيلِ اللَّهِ، فَإِنَّهُ يُنْمَى لَهُ عَمَلُهُ إِلَى يَوْمِ الْقِيَامَةِ، وَيَأْمَنُ مِنْ فِتْنَةِ الْقَبْرِ". وَسَمِعْتُ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ: "الْمُجَاهِدُ مَنْ جَاهَدَ نَفْسَهُ".

*(സുനൻ തിർമിദി, കിതാബു ഫദാഇലിൽ ജിഹാദ് അൻ റസൂലുല്ലാഹി (സ), ഹദീസ്: 1621)*

ഹദ്റത്ത് ഫദാല ബിൻ ഉബൈദ് (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) പറയുന്നു: 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അതിർത്തി കാത്തുകൊണ്ട് മരിച്ചവനൊഴികെ, മരണപ്പെട്ട മറ്റെല്ലാവരുടെയും കർമ്മങ്ങളുടെ പരമ്പര നിർത്തലാക്കപ്പെടുന്നതാണ്. അതേ സമയം അതിർത്തി കാത്തുകൊണ്ട് മരണപ്പെട്ടവന്റെ കർമ്മങ്ങൾ ഖിയാമത്ത് നാൾ വരെ വർദ്ധിപ്പിക്കപ്പെട്ടുകൊണ്ടിരിക്കും, അവൻ ഖബറിലെ ഫിത്നയിൽ നിന്ന് സുരക്ഷിതനായിരിക്കുകയും ചെയ്യും.' തിരുനബി (സ) പറയുന്നതായി ഞാൻ കേട്ടു: തന്റെ മനസ്സിനോട് സമരം ചെയ്തവനാണ് മുജാഹിദ് അഥവാ യോദ്ധാവ്.

عَنِ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ أَنَّهُ رَجَعَ مِنْ بَعْضِ غَزَوَاتِهِ فَقَالَ رَجَعْنَا مِنَ الْجِهَادِ الْأَصْغَرِ إِلَى الْجِهَادِ الْأَكْبَرِ قِيلَ يَا رَسُولَ اللهِ وَمَا الْجِهَادُ الْاَكْبَرُ قَالَ وَهِيَ مُجَاهَدَةُ النَّفْسِ

*(റദ്ദുൽ മുഖ്താന അലദ്ദുർറിൽ മുഖ്താർ, വാല്യം 3, പേജ് 235)*

തിരുനബി (സ) ഒരു യുദ്ധത്തിൽ നിന്ന് മടങ്ങിവന്നപ്പോൾ പറഞ്ഞു: നമ്മൾ ഏറ്റവും ചെറിയ ജിഹാദിൽ അതായത് യുദ്ധത്തിൽ നിന്ന് മടങ്ങിവന്നിരിക്കുന്നു, ഇനി ഏറ്റവും വലിയ ജിഹാദായ (ജിഹാദുൽ അക്ബർ) അതായത് സ്വേച്ഛക്കെതിരായ സമരത്തിലേക്ക് (മുജാഹദത്തുന്നഫ്സ്) പോകുകയാണ്.



ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ പാഠങ്ങൾ:

## മാനസിക പരിശുദ്ധി ആർജിക്കാൻ ദേഹേച്ഛകളോട് പൊരുതുവിൻ

വിശ്വാസത്തിന് വിനയം അഥവാ താഴ്മ ഒരു വിത്തുപോലെയാണ്. പിന്നീട് നിരർത്ഥകമായ കാര്യങ്ങൾ ഉപേക്ഷിക്കുന്നതിലൂടെ വിശ്വാസത്തിന്റെ ഇളം കതിരുകൾ മുളപൊട്ടുന്നു. തുടർന്ന് തന്റെ സമ്പത്ത് സക്കാത്തായി നൽകുന്നതിലൂടെ വിശ്വാസവൃക്ഷത്തിന് ചില്ലകൾ മുളച്ചുവരുന്നു, അത് അതിന് ഒരളവുവരെ ദൃഢത നൽകുന്നു. പിന്നീട് ദേഹേച്ഛകളോട് (മനസ്സിന്റെ മോഹങ്ങളോട്) മത്സരിക്കുന്നതിലൂടെ ആ ചില്ലകളിൽ നല്ല ദൃഢതയും കടുപ്പവും ഉണ്ടാകുന്നു. തുടർന്ന് തന്റെ ഉടമ്പടികളുടെയും അമാനാത്തുകളുടെയും (വിശ്വസിപ്പിക്കപ്പെട്ട കാര്യങ്ങളുടെയും) എല്ലാ ശാഖകളെയും സംരക്ഷിക്കുന്നതിലൂടെ വിശ്വാസവൃക്ഷം അതിന്റെ ശക്തമായ തണ്ടിന്മേൽ നിവർന്നുനിൽക്കുന്നു. പിന്നീട് ഫലം നൽകുന്ന സമയത്ത് അതിലേക്ക് മറ്റൊരു ശക്തിയുടെ പ്രവാഹം ഉണ്ടാകുന്നു; കാരണം ഈ ശക്തി ലഭിക്കുന്നതിന് മുമ്പ് വൃക്ഷത്തിൽ ഫലമോ പൂവോ ഉണ്ടാകുന്നതല്ല.

*(അനുബന്ധം ബറാഹീനെ അഹ്മദിയ്യ ഭാഗം അഞ്ച്, റൂഹാനി ഖസാഇൻ, വാല്യം 21, പേജ് 209, കുറിപ്പ്)*

അല്ലാഹു ഈ ജമാഅത്തിനെ രൂപപ്പെടുത്താൻ ഉദ്ദേശിച്ചപ്പോൾ ലോകത്തുനിന്ന് നഷ്ടപ്പെട്ടുപോയ യഥാർഥ ദിവ്യജ്ഞാനവും, ഈ കാലഘട്ടത്തിൽ കാണാനില്ലാത്ത യഥാർഥ ഭയഭക്തിയും പരിശുദ്ധിയും വീണ്ടും സ്ഥാപിക്കുക എന്നതാണ് അതിലൂടെ അവൻ ലക്ഷ്യമിട്ടിട്ടുള്ളത്.

*(മൽഫൂസാത്ത്, വാല്യം 4, പേജ് 213,214 പുതിയ പതിപ്പ്)*



**തഫ്സീർ:** ഹദ്റത്ത് മുസ്ലിഹ് മൗഊദ് (റ)

## ആത്മസംസ്കരണ പാഠങ്ങൾ

'ആത്മാക്കളെ സംസ്കരണം (തസ്കിയ നഫ്സ്) എന്നത് ഒരു മനുഷ്യന്റെയും കഴിവിൽപ്പെട്ട കാര്യമല്ലെന്നത് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. മാതാപിതാക്കളെക്കാൾ കൂടുതൽ സ്നേഹമുള്ള വേറെ ആരാണ് ഉണ്ടാകുക? എന്നാൽ പോലും അവർക്ക് സ്വന്തം മക്കളുടെ ആത്മസംസ്കരണം സാധ്യമാകുന്നില്ല. തസ്കിയ അഥവാ ആത്മ സംസ്കരണത്തിന് രണ്ട് കാര്യങ്ങൾ അത്യാവശ്യമാണ്. ഒന്ന്: പാപം ഉപേക്ഷിക്കുക, രണ്ട്: ആത്മീയതയിൽ പുരോഗതി പ്രാപിക്കുക.

പാപം ഉപേക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പറയുന്നു: സർവ്വവസ്തുക്കളും അല്ലാഹുവിന്റേതു മാത്രമാണെന്നും ആകാശവും ഭൂമിയും പ്രപഞ്ചത്തിലെ അണുഅണുവും അല്ലാഹുവിന്റെ നിയന്ത്രണത്തിലാണെന്നും നാം നിങ്ങളെ പഠിപ്പിക്കുന്നു. അതിനാൽ അവൻ എടുക്കാൻ അനുവാദം നൽകിയ കാര്യങ്ങൾ മാത്രം നിങ്ങൾ എടുക്കുക, വിലക്കിയിട്ടുള്ളവയിൽ നിന്ന് വിട്ടുനിൽക്കുക; കാരണം ഉടമസ്ഥന്റെ അനുവാദമില്ലാതെ ഒരു വസ്തു ഉപയോഗിക്കുന്നവൻ ശിക്ഷയ്ക്ക് അർഹനാകുന്നു.

രണ്ടാമത്തെ വശം ആത്മീയതയിൽ പുരോഗതി പ്രാപിക്കുക എന്നതാണ്. അതേക്കുറിച്ച് പറയുന്നു: എല്ലാം നമ്മുടെ വശമുള്ളതാണ്, നമ്മുടെ മാധ്യമത്തിലൂടെയാണ് എല്ലാത്തരം നന്മകളും അനുഗ്രഹങ്ങളും ലഭിക്കുന്നത്. അതിനാൽ നിങ്ങൾ നമ്മുടെ കൽപനകൾ അനുസരിക്കുമ്പോൾ, നാം നിങ്ങളെ നമ്മുടെ പൊറുക്കലിന്റെ വിരിമാറിലേക്ക് ചേർത്തുപിടിക്കും. നമ്മുടെ ശക്തമായ ഇടപെടൽ നിങ്ങളെ നമ്മുടെ സാമീപ്യത്തിലേക്ക് എത്തിക്കുകയും ചെയ്യും.

*(തഫ്സീർ കബീർ, വാല്യം 3, പേജ് 531, യുകെ പ്രസിദ്ധീകരണം)*

**അഹ്മദിയ്യാ വാർത്ത**

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ (അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ്) അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ ഹുസൂർ തിരുമനസ്സിന്റെ ആയുരാരോഗ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം ഉണ്ടാകുന്നതിനും ദുആ ചെയ്തു കൊണ്ടിരിക്കുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

**ഈ ലക്കത്തിൽ :**


- **ഖുത്ബ ജുമുഅ:** 2026 ജൂലൈ 17,
- സീറത്തുന്നബി(സ), സീറത്തുൽ മഹ്ദി(അ)



പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത് പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്, ഖാദിയാൻ

لَا اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

**എഡിറ്റോറിയൽ**

## നമ്മുടെ പ്രിയനാടിന് ആവശ്യമായ
# സമാധാന സന്ദേശം!

സ്വാതന്ത്ര്യത്തിനുശേഷമുള്ള കാലം മുതൽ നമ്മുടെ കാൽവെയ്പ്പുകൾ ബുദ്ധിമുട്ടുകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുമ്പോൾ, മുമ്പത്തേക്കാളേറെ ദേശീയ ഐക്യത്തിന്റെ ആവശ്യമുന്നെത് സുവിദമാണ്. വ്യത്യസ്ത മതങ്ങൾ, വംശങ്ങൾ, ജാതികൾ എന്നിവ ഉൾക്കൊള്ളുന്ന മനോഹരമായ ഒരു പൂന്തോട്ടമാണ് ഭാരതം. അതിൽ സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പൂക്കളാണ് നാം തിരഞ്ഞെടുക്കുന്നതെങ്കിൽ അവയുടെ സുഗന്ധം ഹൃദയത്തെയും മനസ്സിനെയും സുഗന്ധപൂരിതമാക്കും. എന്നാൽ ഈ വൈവിധ്യത്തെ ഭിന്നതയിലേക്കും അനൈക്യത്തിലേക്കും നയിച്ചാൽ എല്ലാ ഭാഗത്തുനിന്നും ദുർഗന്ധം പരക്കും. ദുർഗന്ധം അതേ നാംഅനുദിനം അനുഭവിച്ചുകൊണ്ടിരിക്കുന്ന വേദന നിറഞ്ഞ ദുർഗന്ധം!

സ്വന്തം താൽപ്പര്യങ്ങൾക്കായി മതം ദുരുപയോഗം ചെയ്യുന്നതും, ജനവിഭാഗങ്ങൾക്കും ജാതികൾക്കുമിടയിലുള്ള വേർതിരിവുകളുടെ വ്യത്തികെട്ട കളിയും ഭാരതത്തെ ഒരു അപകടകരമായ അവസ്ഥയിലേക്ക് തള്ളിയിട്ടുകൊണ്ടിരിക്കുന്നു. ഐക്യത്തെയും പരസ്പര സഹകരണത്തെയും കുറിച്ച് സംസാരിക്കുന്നവരുടെ എണ്ണം ദിവസേന കുറഞ്ഞു വരികയാണെന്ന് സോഷ്യൽ മീഡിയ പരിശോധിച്ചാൽ വ്യക്തമാകും. വിദ്വേഷം പരത്തുന്ന സംസാരങ്ങളിൽ വ്യാപൃതരായിരിക്കുന്നവരുടെ എണ്ണം എല്ലാ വിഭാഗങ്ങളിലും മതങ്ങളിലും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ വിദ്വേഷത്തിലും തർക്കങ്ങളിലും ഒരു സമുദായത്തിന് മാത്രല്ല നഷ്ടമുണ്ടാകുന്നത്, മറിച്ച് എല്ലാ വിഭാഗങ്ങളും അതിന്റെ ഇരകളാകുന്നു എന്നാണ് യാഥാർത്ഥ്യം. വിശേഷിച്ചും എല്ലാ ഭാഗത്തുമുള്ള ദരിദ്രരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ ജനവിഭാഗങ്ങളാണ് അടിച്ചമർത്തലിന്റെ ചക്കിനടിയിൽ കൂടുതൽ അരക്കപ്പെടുന്നത്. ഈ പീഡനങ്ങളുടെ വ്യാപ്തി അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള നേതാവ് ഹദ്റത്ത് മിർസ മസ്റൂർ അഹ്മദ് സാഹിബ്, സമീപകാല ഇന്തോപാക്ക് സംഘർഷ വേളയിൽ 2025 മെയ് 9ന് നൽകിയ ജുമുഅ ഖുതുബയിൽ, ഭാരതത്തിലെ അഹ്മദികളോട് പറഞ്ഞു:

അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് മിർസ ഗുലാം അഹ്മദ് ഖാദിയാനി മസീഹ് മൗഊദ് വ മഹ്ദി (അ) നൂറ്റിയിരുപത് വർഷങ്ങൾക്ക് മുമ്പ് ഭാരത ജനതയെ സ്നേഹത്തിന്റെയും ദേശീയ ഐക്യത്തിന്റെയും പാതയിലേക്ക് ക്ഷണിക്കുകയും സ്നേഹ നിർഭരമായ വേദനയോടുകൂടി ഉപദേശിക്കുകയും ചെയ്തുകൊണ്ട് നൽകിയ പൈഗാമെ സുൽഹ് (മൈത്രീ സന്ദേശം) എന്ന മഹത് പ്രഭാഷണത്തിലേക്ക് രാജ്യത്തുള്ളവരെ ക്ഷണിക്കേതാണ്. ഈ ഉപദേശം ഇന്നും ഓരോ അഹ്മദിയെ സംബന്ധിച്ചിടത്തോളവും പ്രസക്തമാണ്. അമീറുൽ മുഅ്മിനീന്റെ ഈ കൽപ്പനയനുസരിച്ച് നാം അഹ്മദികൾ തന്താങ്ങളുടെ ഭാഷകളിൽ ഇതിന്റെ പ്രചാരണം പരമാവധി നടത്തുമെന്ന പ്രതീക്ഷയോടെ ഇതിന്റെ ചില ഭാഗങ്ങൾ ഈ അവസരത്തിൽ സമർപ്പിക്കുന്നു. ഇൻശാ അല്ലാഹ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

നൽകിയിട്ടുള്ള ചിത്രത്തിലെ മലയാളം വാചകങ്ങൾ താഴെ നൽകുന്നു:

“പ്രിയ സുഹൃത്തുക്കളേ! ഹിന്ദുക്കളോ മുസ്ലിംകളോ ആയ നാമെല്ലാവരും നൂറുകണക്കായ വിശ്വാസാഭിപ്രായവൈവിധ്യങ്ങളോടു കൂടിയവരാണെങ്കിലും, ഈ പ്രപഞ്ചകലത്തിന്റെയും സ്രഷ്ടാവും രക്ഷിതാവുമായ ദൈവത്തിൽ വിശ്വസിക്കുന്ന വിഷയത്തിൽ ഒന്നാകുന്നുവല്ലോ. അപ്രകാരംതന്നെ നാമെല്ലാം മനുഷ്യനെ നിലയിൽ പൊതുതാൽപ്പര്യത്തോടു കൂടിയവരുമാകുന്നു. അതെ, മനുഷ്യനെ പേരിൽ നാമെല്ലാവരും പരസ്പരം ബന്ധിതരായിരിക്കുന്നു. അതുമല്ല, നാം ഒരേ രാജ്യത്തിൽ നിവസിക്കുന്നവരാകയാൽ അന്യോന്യം അയൽക്കാരെന്ന നിലയിലും പരസ്പരം ബന്ധപ്പെട്ടവരാകുന്നു. അതിനാൽ നമ്മൾ ആത്മാർത്ഥതയോടും നിഷ്കപടതയോടും കൂടി പരസ്പരം മിത്രങ്ങളായി വർത്തിച്ചും മതപരവും ലൗകികവുമായ വൈഷമ്യഘട്ടത്തിലെല്ലാം അന്യോന്യം സഹതാപം പ്രദർശിപ്പിച്ചും ഒരേ ശരീരത്തിലെ അവയവങ്ങളെന്നോണം തമ്മിൽ തമ്മിൽ സഹകരിക്കേണ്ടതു നമ്മുടെ കർമ്മവ്യമാകുന്നു.

പ്രിയ നാട്ടുകാരേ! പൊതുവെ അനുകമ്പാഭാവത്തെ പ്രബോധിപ്പിക്കാത്ത ഒരു മതം യഥാർത്ഥത്തിൽ മതമല്ല. അതുപോലെതന്നെ അനുകമ്പാഭാവത്തെ ഉൾക്കൊള്ളാത്ത ഒരു മനുഷ്യൻ, മനുഷ്യൻ എന്ന പേരിനർഹനുമല്ല. ദൈവം തന്റെ അനുഗ്രഹം യാതൊരു ജാതിക്കാർക്കും നൽകാതിരുന്നിട്ടില്ല. ആ സർവൈകദാതാവ് ആര്യവർത്തത്തിലെ പുരാതനജാതിക്കാർക്ക് ഏതെല്ലാം ശക്തികളും ബോധങ്ങളും നൽകിയോ ആവക ശക്തികളും ബോധങ്ങളുമെല്ലാം അവൻ അറബികൾക്കും പാർസികൾക്കും സിരിയക്കാർക്കും ചൈനാക്കാർക്കും ജപ്പാൻകാർക്കും യൂറോപ്യർക്കും അമേരിക്കക്കാർക്കും നൽകിയിട്ടുണ്ട്. ദൈവത്തിന്റെ ഭൂമി ഒരു വിരിപ്പെന്നപോലെ ഇവരെല്ലാവർക്കും ഉപകരിക്കുന്നു. ആ സർവൈകനാഥന്റെ സൃഷ്ടികളായ സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളും ദീപങ്ങൾ കണക്കെ അവർക്ക് വെളിച്ചം നൽകുകയും അതോടൊപ്പം അവയ്ക്ക് ദൈവം നിശ്ചയിച്ചിട്ടുള്ള മറ്റു കർമ്മങ്ങൾ അവ നിർവ്വഹിക്കുകയും ചെയ്യുന്നു. വായു, വെള്ളം, തീ, മണ്ണ് എന്നീ ഭൂവസ്തുക്കളിൽനിന്ന് എല്ലാ ജാതികളും ഫലം അനുഭവിക്കുന്നു. അതുപോലെതന്നെ ധാന്യങ്ങൾ ഫലമൂലാദികൾ തുടങ്ങിയ ഭൂമിയിലെ ഉൽപ്പന്നങ്ങളെയും എല്ലാവരും തങ്ങളുടെ ഗുണത്തിനായി ഉപയോഗപ്പെടുത്തുന്നു. ദൈവത്തിന്റെ സർവ്വ വ്യാപകമായ ഈ പരിപാലന സമ്പ്രദായങ്ങൾ നമ്മെ ഉദ്ബോധിപ്പിക്കുന്നത്, നാമും മനുഷ്യർക്ക് പൊതുവെ നന്മ ചെയ്യുകയും കുടുസ്സായ മനോഭാവം കാണിക്കാതെ നമ്മുടെ അനുകമ്പയെ വിസ്തൃതമാക്കുകയും വേണമെന്നാണ്.

സുഹൃത്തുക്കളേ! നമ്മളിൽ ഏതെങ്കിലും ഒരു സമുദായക്കാർ ദൈവത്തിന്റെ ഈ സമ്പ്രദായങ്ങളെ ആദരിക്കാതെയും അവന്റെ പാവങ്ങളായ ഗുണങ്ങൾക്കൊത്തു തങ്ങളുടെ നടപടികളെ ക്രമപ്പെടുത്താതെയും ഇരിക്കുന്നുവെങ്കിൽ, ആയവർ താമസിയാതെ നാശമടയും. അവരുടെ ഈ അതിക്രമത്തിന്റെ ദോഷഫലങ്ങൾ അവരുടെമേൽ മാത്രമല്ല അവരുടെ ഭാവിതലമുറകളുടെമേലും വന്നുഭവിക്കുന്നതാണ്.

ആയതിനാൽ, നാമെല്ലാവരും അവശ്യം വിശ്വസിക്കേണ്ടുന്ന സർവ്വസമ്പൂർണ്ണവും സത്യസ്വരൂപിയുമായ ദൈവം സർവ്വലോകങ്ങളുടെയും സ്രഷ്ടാവും പാലകനുമാണെന്നത് അവിതർക്കിതമാണ്. അവന്റെ കൃപാപരിപാലനം ഏതെങ്കിലും പ്രത്യേക ജാതിക്കോ പ്രത്യേക കാലത്തേക്കോ പ്രത്യേക രാജ്യത്തേക്കോ പരിമിതമല്ല. അവൻ എല്ലാ ജാതിക്കാരുടെയും എല്ലാ കാലത്തുള്ളവരുടെയും എല്ലാ രാജ്യക്കാരുടെയും രക്ഷിതാവും പാലകനുമാകുന്നു. സർവ്വ അനുഗ്രഹങ്ങടെയും നിലയനവും, ഭൗതികവും ആത്മീയവുമായ സർവ്വ ശക്തികളുടെയും ഉത്ഭവസ്ഥാനവും അവനത്രെ. അവൻ തന്നെയാനൻ സകല സൃഷ്ടികളെയും നോക്കി രക്ഷിക്കുന്നത്.”

ആകയാൽ നമ്മുടെ ദൈവത്തിന്റെ സ്വഭാവങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിൽ, നാമും നമ്മുടെ സ്വഭാവങ്ങളെ അതിനനുസരിച്ച് ക്രമീകരിക്കുകയാണ് വേണ്ടത്. അതിനാൽ, എന്റെ രാജ്യക്കാരായ സഹോദരന്മാരെ,

**പൈഗാമെ സുൽഹ് (മൈത്രീ സന്ദേശം)**

എന്ന് പേരിട്ടിട്ടുള്ള ഈ ചെറിയ ലഘുലേഖ പൂർണ്ണ ആദരവോടെ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നു. സർവ്വശക്തനായ ദൈവം നിങ്ങളിൽ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ വെളിപാടിറക്കി ഞങ്ങളുടെ ഈ സഹാനുഭൂതിയുടെ രഹസ്യം നിങ്ങളുടെ ഹൃദയങ്ങളിൽ തുറന്നുതരികയും ചെയ്യട്ടെയെന്ന് പൂർണ്ണഹൃദയത്തോടും ആത്മാർത്ഥതയോടും കൂടി ഞങ്ങൾ പ്രാർത്ഥിക്കുന്നു; അതുവഴി ഈ സൗഹൃദ സമ്മാനത്തെ ഏതെങ്കിലും പ്രത്യേക താൽപ്പര്യത്തിന്റെയോ ലൗകിക ലക്ഷ്യങ്ങളുടെയോ അടിസ്ഥാനത്തിലുള്ളതാണെന്ന് നിങ്ങൾ തെറ്റിദ്ധരിക്കാതിരിക്കാൻ ഇടവരട്ടെ.

പ്രിയപ്പെട്ടവരേ!! പരലോകത്തെ സംബന്ധിച്ച കാര്യം സാധാരണക്കാർക്ക് പലപ്പോഴും അവ്യക്തമായിരിക്കും; മരണത്തിന് മുമ്പ് മരിക്കുന്നവർക്ക് മാത്രമാണ് പരലോകത്തിന്റെ രഹസ്യം വെളിപ്പെടുന്നത്. എന്നാൽ ലോകത്തിലെ തിന്മയും നന്മയും ദീർഘവീക്ഷണമുള്ള ഏതൊരു ബുദ്ധിമാനും തിരിച്ചറിയാൻ കഴിയും.

ഐക്യം മുഖേന ദൂരീകരിക്കാൻ കഴിയാത്ത ആപത്തുകളോ അപരിഹാര്യമായ ബുദ്ധിമുട്ടുകളോ ഇല്ലെന്നത് ആർക്കുമറിയാത്ത ഒരു കാര്യമല്ല. അതിനാൽ ഒരു ബുദ്ധിമാൻ ഐക്യത്തിന്റെ അനുഗ്രഹങ്ങളിൽ നിന്ന് സ്വയം അകലുന്നത് ഒട്ടും അഭികാമ്യമല്ല.

ശേഷം പേജ് 10 ൽ

ഖുത്ബ ജുമുഅ

2026 ജൂലൈ 17, 1405 വഫാ 17

*മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സറേ), യു.കെ*

# കൃതജ്ഞത: തിരുനബി (സ)യുടെ ഉത്തമ മാതൃകയും പ്രാർത്ഥനകളും അമൂല്യമായ ഉപദേശങ്ങളും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

മനുഷ്യനെ സൃഷ്ടിക്കുന്നതിന് മുമ്പ്, അല്ലാഹു മനുഷ്യന്റെ പ്രയോജനത്തിനായി എണ്ണമറ്റ അനുഗ്രഹങ്ങൾ ഒരുക്കിവെച്ചിട്ടുണ്ട്. അല്ലാഹുവിന്റെ ഈ അനുഗ്രഹങ്ങളും തന്റെ സൃഷ്ടികൾക്കമേലുള്ള അവന്റെ ഔദാര്യങ്ങളും തീർച്ചയായും മനുഷ്യൻ അവനോട് കൃതജ്ഞതയുള്ളവരായിരിക്കണമെന്ന് ആവശ്യപ്പെടുന്നു. അല്ലാഹുവിന്റെ കൃതജ്ഞതയുള്ള ദാസന്മാരായി ജീവിക്കാൻ ഓരോ പ്രവാചകനും തന്റെ ജനതയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

**ഈ കൃതജ്ഞതയുടെ ഏറ്റവും വലിയ മാതൃക കാണിച്ചുതന്നത് നമ്മുടെ നേതാവായ തിരുനബി (സ) ആണ്. തന്റെ ഓരോ പ്രവൃത്തിയിലൂടെയും അല്ലാഹുവിനോടുള്ള കൃതജ്ഞത അവിടുന്ന് പ്രകടിപ്പിച്ചു.**

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ അവിടുന്ന് പൊട്ടിക്കരയുന്നതും അല്ലാഹുവിനു മുന്നിൽ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നതും കണ്ടപ്പോൾ ഒരാൾ ചോദിച്ചു: അല്ലാഹു അങ്ങേയ്ക്ക് എല്ലാത്തരം വിജയങ്ങളും വാഗ്ദാനം ചെയ്യുകയും ആ വിജയങ്ങൾ നിങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ, എന്തുകൊണ്ടാണ് അങ്ങ് ഇത്രയധികം കരയുന്നത്? ഇതിന് മറുപടിയായി തിരുനബി (സ) പറഞ്ഞു: ഈ അനുഗ്രഹങ്ങൾക്ക് ഞാൻ അല്ലാഹുവിന്റെ കൃതജ്ഞതയുള്ള ഒരു ദാസനാകേണ്ടതില്ലേ? ഞാൻ അവനുമുന്നിൽ വിനയത്തോടെ കുമ്പിടുകയും അവനോടുള്ള നന്ദി പ്രകടിപ്പിക്കുകയും ചെയ്യേണ്ടതില്ലേ?

*(സ്വഹീഹ് അൽ ബുഖാരി, കിതാബു തഫ്സീർ, ഹദീസ് 4837, വാല്യം 12, പേജ് 83, നസാറത്ത് ഇശാഅത്ത്)*

**അവിടുന്ന് എല്ലാ സന്ദർഭങ്ങളിലും കൃതജ്ഞതയുള്ളവനാണെന്നതിന്റെ പ്രായോഗിക മാതൃക കാണിച്ചതുപോലെ തന്നെ, തന്റെ അനുയായികളെയും കൃതജ്ഞതയുള്ളവരാകാൻ പ്രോത്സാഹിപ്പിച്ചു.** അല്ലാഹുവിനോടുള്ള നന്ദി പ്രകടിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും അതിനായി പ്രാർത്ഥനകളും അവിടുന്ന് പഠിപ്പിക്കുകയും ചെയ്തു.

ഇന്ന് ഞാൻ തിരുനബി (സ)യുടെ ഈ മാതൃകയെയും, അക്കാര്യത്തിലുള്ള അവിടുത്തെ പ്രാർത്ഥനകളെയും മാർഗ്ഗനിർദ്ദേശങ്ങളെയും കുറിച്ചാണ് ചർച്ച ചെയ്യുന്നത്.

ഒരു നിവേദനത്തിൽ, ഹദ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) പറഞ്ഞു: **വിശ്വാസത്തിന് രണ്ട് ഭാഗങ്ങളുണ്ട്; ഒരു പകുതി ക്ഷമയും മറുപകുതി നന്ദിയുമാണ്.**

*(അൽ ജാമിഅ് ലി ശുഅ്ബിൽ ഈമാൻ, ഹദീസ് 9264, മക്തബത്തു റുശ്ദ്, 2003, പേജ് 192,193)*

യഥാർത്ഥത്തിൽ ക്ഷമയും കൃതജ്ഞത തന്നെയാണ് പ്രകടമാക്കുന്നത്. അതുകൊണ്ടുതന്നെ ചിന്തിച്ചു നോക്കിയാൽ കൃതജ്ഞതയിലൂടെ മാത്രമെ പൂർണ്ണമായ വിശ്വാസം കൈവരിക്കാൻ കഴിയൂ എന്നും മനസ്സിലാകുന്നതാണ്.

ഹദ്റത്ത് സുഹൈബ് (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) പറഞ്ഞു: ഒരു വിശ്വാസിയുടെ കാര്യം എത്ര അത്ഭുതകരമാണ്! അവനെ സംബന്ധിച്ച എല്ലാ കാര്യങ്ങളും നല്ലതാണ്, ഇത് ഒരു വിശ്വാസിയിൽ മാത്രമാണ് സാർഥകമാകുന്നത്. അവന് വല്ല സന്തോഷവും ലഭിച്ചാൽ അവൻ നന്ദി കാണിക്കുന്നു, അത് അവന് ഗുണകരമാണ്. അവന് എന്തെങ്കിലും ബുദ്ധിമുട്ട് ബാധിച്ചാൽ അവൻ ക്ഷമിക്കുന്നു, അതും അവന് ഗുണകരമാണ്.

*(സ്വഹീഹ് മുസ്‌ലിം, കിതാബ് അസ്സുഹ്ദ് വ അർരിഖാഖ്, ഹദീസ് 5304, വാല്യം 15, നൂർ ഫൗണ്ടേഷൻ, പേജ് 194)*

നന്മ എന്തുകൊണ്ടെന്നാൽ അല്ലാഹു പറയുന്നു:

اِنَّ اللّٰهَ مَعَ الصّٰبِرِيْنَ

തീർച്ചയായും അല്ലാഹു ക്ഷമാശീലരോടൊപ്പമാകുന്നു. (2:154).

മറ്റൊരിടത്ത് പറയുന്നു:

وَبَشِّرِ الصّٰبِرِيْنَ

ക്ഷമാശീലർക്ക് സന്തോഷവാർത്ത അറിയിക്കുക (2:156).

അതുപോലെ, അല്ലാഹു കൂടെയുണ്ടാകുകയും സന്തോഷവാർത്തകൾ നൽകുകയും ചെയ്യുമ്പോൾ ഒരു വ്യക്തിക്ക്, അതിനേക്കാൾ വലിയ എന്ത് നന്മയാണ് ലഭിക്കാനുള്ളത്? ഒരാൾ അല്ലാഹുവിന്റെ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദിയുള്ളവനാകുമ്പോൾ മാത്രമാണ് അത്തരം യഥാർത്ഥ ക്ഷമ കൈവരിക്കാൻ കഴിയുന്നത്. അതിനാൽ, തിരുനബി (സ)യുടെ ഏറ്റവും സംക്ഷിപ്തമായ വാക്കുകളിൽ പോലും ജ്ഞാനത്തിന്റെ നിധികള അടങ്ങിയിരിക്കുന്നു.

ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) പറഞ്ഞു: **ജനങ്ങളോട് നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല.**

*(ജാമിഅ് തിർമിദി, അബ്‌വാബുൽ ബിർരി വ സില:, ഹദീസ് 1954)*

അല്ലാഹുവിനോട് നന്ദി കാണിക്കേണ്ടത് അനിവാര്യമാണെന്നും അതോടൊപ്പം, ജനങ്ങളോട് നന്ദി കാണിക്കുന്നതിനെയും തിരുനബി (സ) പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. മാത്രമല്ല, ഒരാളിൽ അത്തരം നന്ദിയുടെ വികാരങ്ങളും ചിന്തകളും വളർന്നു വന്നാൽ, അത് മനോഹരമായ ഒരു സമൂഹത്തെ സൃഷ്ടിക്കും; തിരുനബി (സ) സ്ഥാപിക്കാൻ ആഗ്രഹിച്ച യഥാർത്ഥ ഇസ്‌ലാമിക സമൂഹം അതാണ്.

മറ്റൊരു നിവേദനത്തിൽ, ഹദ്റത്ത് നുഅ്മാൻ ബിൻ ബശീർ (റ) പ്രസ്താവിക്കുന്നു; തിരുനബി (സ) മിമ്പറിൽ വെച്ച് പറഞ്ഞു: **ചെറിയ കാര്യങ്ങൾക്ക് നന്ദി കാണിക്കാത്തവൻ വലിയ കാര്യങ്ങൾക്കും നന്ദി കാണിക്കുന്നില്ല;** ജനങ്ങളോട് നന്ദി കാണിക്കാത്തവൻ സർവ്വശക്തനായ അല്ലാഹുവിനോടും നന്ദി കാണിക്കുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് സംസാരിക്കുന്നത് നന്ദിയുടെ ഒരു രൂപമാണ്, എന്നാൽ അവയെക്കുറിച്ച് പരാമർശിക്കാതിരിക്കുന്നത് കൃതജ്ഞതയില്ലായ്മയാണ്.

അവിടുന്ന് തുടർന്നു പറഞ്ഞു: **ജമാഅത്ത് അനുഗ്രഹവും, ഭിന്നത ശിക്ഷയുമാണ്.**

*(മുസ്നദ് അൽഇമാം അഹ്മദ് ബിൻ ഹൻബൽ, മുസ്നദ് അന്നുഅ്മാൻ ബിൻ ബശീർ, ഹദീസ് 18640, വാല്യം 6, ആലം അൽ കുതുബ്, 1998, പേജ് 297)*

അതായത്, **ജമാഅത്തോടൊപ്പം ചേർന്നുനിൽക്കുക, അല്ലാഹുവിന്റെ നന്ദിയുള്ള ദാസന്മാരായിത്തീരുക, ഒറ്റക്കെട്ടായി നിലകൊള്ളുക; എന്നാൽ മാത്രമേ നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ പങ്കാളികളാകാൻ കഴിയൂ.** എന്നാൽ നിങ്ങൾ ഭിന്നത വിതയ്ക്കുകയും നിങ്ങളുടെ ഹൃദയങ്ങളിൽ ഭിന്നത ഉണ്ടാകാൻ അനുവദിക്കുകയും ചെയ്താൽ, നിങ്ങൾക്ക് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പാത്രമാകാൻ കഴിയില്ല.

തിരുനബി (സ) അത്യന്തം ആഴത്തിലാണ് കൃതജ്ഞത പഠിപ്പിച്ചത്. ഇതുമായി ബന്ധപ്പെട്ട്, ഹദ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ) ഒരാളെ കണ്ടപ്പോൾ ചോദിച്ചു; നിങ്ങൾക്ക് എങ്ങനെയുണ്ട്? അയാൾ, എനിക്ക് വളരെ സുഖമാണ്, ഞാൻ സർവ്വശക്തനായ അല്ലാഹുവിനെ സ്തുതിക്കുന്നു എന്ന് മറുപടി നൽകി. അപ്പോൾ തിരുനബി (സ) ഇങ്ങനെ പ്രാർഥിച്ചു: അല്ലാഹു നിങ്ങൾക്ക് തുടർന്നും സൗഖ്യം നൽകട്ടെ.

മറ്റൊരിക്കൽ തിരുനബി (സ) അതേ വ്യക്തിയെ വീണ്ടും കണ്ടപ്പോൾ അദ്ദേഹത്തോട് അതേ ചോദ്യം ആവർത്തിച്ചു; ഇത്തവണ അയാൾ മറുപടി നൽകി: ഞാൻ കൃതജ്ഞത കാണിക്കുമ്പോൾ ഞാൻ സുഖമായിരിക്കുന്നു. തിരുനബി (സ) മൗനം പാലിച്ചു.

അപ്പോൾ അയാൾ ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകരേ, മുമ്പ് അങ്ങ് എന്നോട് ചോദിക്കുകയും ഞാൻ സുഖമാണെന്നും അല്ലാഹുവിനെ സ്തുതിക്കുന്നുവെന്നും മറുപടി നൽകുകയും ചെയ്തപ്പോഴെ

ല്ലാം, അല്ലാഹു നിങ്ങൾക്ക് സൗഖ്യം നൽകട്ടെ എന്ന് പറഞ്ഞ് അങ്ങ് എനിക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. എന്നാൽ ഇന്ന് അങ്ങ് മൗനം ദീക്ഷിക്കുന്നു.

തിരുനബി (സ) മറുപടി നൽകി: മുമ്പ് ഞാൻ നിങ്ങളോട് ചോദിച്ചപ്പോൾ, എനിക്ക് വളരെ സുഖമുണ്ട്, ഞാൻ സർവ്വശക്തനായ അല്ലാഹുവിനെ സ്തുതിക്കുന്നു എന്ന് നിങ്ങൾ പറഞ്ഞു; അതിനാൽ അല്ലാഹു നിങ്ങൾക്ക് തുടർന്നും സൗഖ്യം നൽകട്ടെയെന്നും അവന്റെ അനുഗ്രഹങ്ങൾ നിങ്ങളിൽ വർദ്ധിപ്പിക്കട്ടെയെന്നും ഞാൻ പ്രാർത്ഥിച്ചു. എന്നാൽ ഇന്ന് നിങ്ങൾ പറഞ്ഞത് ഞാൻ കൃതജ്ഞത കാണിക്കുമ്പോൾ എന്നാണ്. (അതായത് നിങ്ങൾക്ക് അതിൽ എന്തോ സംശയമുള്ളതുപോലെയും, നന്ദി പ്രകടിപ്പിച്ചാൽ മാത്രം കാര്യങ്ങൾ കുഴപ്പമില്ലാതെ പോകുന്നുവെന്ന മട്ടിലും, അല്ലെങ്കിൽ നിങ്ങളുടെ അവസ്ഥ അത്ര മികച്ചതല്ലാതെയുമുള്ള ഒരു തോന്നൽ). അതിനാൽ ഞാൻ മൗനം പാലിച്ചു.

*(മുസ്നദ് അൽഇമാം അഹ്മദ് ബിൻ ഹൻബൽ, മുസ്നദ് അനസ് ബിൻ മാലിക്, ഹദീസ് 13571, വാല്യം 4, ആലം അൽ കുതുബ്, പേജ് 618)*

ആ വ്യക്തിക്ക് സംശയം പിടികൂടിയിട്ടുണ്ടെന്നും അല്ലാഹുവിനെക്കുറിച്ച് ഒരു നിഷേധാത്മകമായ ചിന്തയാണ് അയാളുടെ മനസ്സിൽ ഉള്ളതെന്നും തിരുനബി (സ) വിശദീകരിച്ചു. **അല്ലാഹുവിനെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള കൃതജ്ഞതയില്ലായ്മയോ അല്ലെങ്കിൽ ചെറിയൊരു നെഗറ്റീവ് ചിന്തയോ പോലും ഒരു വ്യക്തിയുടെ മനസ്സിൽ കടന്നുവരുന്നത് അവിടുന്ന് ഒരിക്കലും സഹിക്കുമായിരുന്നില്ല.**

ഹദ്റത്ത് ഉസാമ ബിൻ സൈദ് (റ) നിവേദനം ചെയ്യുന്നു; തിരുനബി (സ) പറഞ്ഞു:

ആരെങ്കിലും നിങ്ങളോട് നന്മ ചെയ്താൽ നിങ്ങൾ അവരോട്

جَزَاکَ اللّٰہُ - جَزَاکَ اللّٰہُ خَیْرًا

**ജസാക്കല്ലാഹ്** അല്ലെങ്കിൽ **ജസാക്കല്ലാഹു ഖൈറൻ** എന്ന് പറഞ്ഞാൽ, അതായത് ഏറ്റവും മികച്ച പ്രതിഫലം അല്ലാഹു നിങ്ങൾക്ക് നൽകട്ടെ എന്ന് പ്രാർത്ഥിച്ചാൽ, നിങ്ങൾ നിങ്ങളുടെ അഭിനന്ദനം പൂർണ്ണമായി പ്രകടിപ്പിച്ചിരിക്കുന്നു.

*(ജാമിഅ് തിർമിദി, അബ്‌വാബുൽ ബിർരി വ സില:, ഹദീസ് 2035)*

അതുപോലെ, ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു; തിരുനബി (സ) പറഞ്ഞു:

**അല്ലാഹു ഒരു ജനതയ്ക്ക് നന്മയും അനുഗ്രഹങ്ങളും ഉദ്ദേശിക്കുമ്പോൾ, അവൻ അവർക്ക് ദീർഘായുസ്സ് നൽകുകയും നന്ദിയുള്ളവരാകാൻ അവർക്ക് പ്രേരണ നൽകുകയും ചെയ്യുന്നു.** അതായത്, നന്ദി പ്രകടിപ്പിക്കാൻ അവൻ അവരെ പ്രാപ്തരാക്കുന്നു.

*(കൻസുൽ ഉമ്മാൽ, കിതാബുൽ അഖ്‌ലാഖ്, വാല്യം 2, ഭാഗം 3, ഹദീസ് 6409, ദാറുൽ കുതുബ് അൽഇൽമിയ്യ, പേജ് 104)*

അതിനാൽ, രാജ്യത്തിന്റെ പുരോഗതിക്കും, ജമാഅത്തിന്റെ പുരോഗതിക്കും, ഓരോ വ്യക്തിയുടെയും പുരോഗതിക്കും നന്ദി പ്രകടനം അത്യന്താപേക്ഷിതമാണ്. സർവ്വശക്തനായ അല്ലാഹുവിനോടുള്ള നന്ദി, പരസ്പരമുള്ള നന്ദി, നമുക്ക് ഏതെങ്കിലും തരത്തിലുള്ള ഉപകാരം ലഭിക്കുന്ന എല്ലാവരോടുമുള്ള നന്ദി എന്നിവയെല്ലാം അത്യന്തം പ്രധാനമാണ്. ഒരു രാജ്യത്തിനുള്ളിൽ ഐക്യവും കൂട്ടായ്മയും വളർത്തിയെടുക്കുന്നത് ഈ നന്ദിയുള്ള മനോഭാവമാണ്.

നന്ദിയെക്കുറിച്ചുള്ള യഥാർത്ഥ തിരിച്ചറിവ് ആളുകളിൽ വളർത്തിയെടുക്കാൻ സഹായിക്കുന്ന അഗാധമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ തിരുനബി (സ)യുടെ ഒരു സംഭവം കൂടിയുണ്ട്. ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു:

അല്ലാഹുവിന്റെ തിരുദൂതർ (സ) എന്നോട് പലപ്പോഴും ചോദിക്കാറുണ്ടായിരുന്നു, നിന്റെ കവിതകളുടെ കാര്യം എന്താണ്? അതായത്, ചില വരികൾ ചൊല്ലാൻ ആവശ്യപ്പെടും. കവിതകൾ ഹദ്റത്ത് ആയിശ (റ)യ്ക്ക് അറിയാമായിരുന്നു. അതിനാൽ അവർ ചോദിക്കും, ഏതൊക്കെയാണ്? എനിക്ക് അറിയാവുന്ന നിരവധി കവിതകൾ ഉണ്ടല്ലോ.

തിരുനബി (സ) മറുപടി പറഞ്ഞു: കൃതജ്ഞതയെക്കുറിച്ചുള്ള വരികൾ ചൊല്ലൂ.

അപ്പോൾ അവർ ഈ വരികൾ ചൊല്ലി:

എന്റെ മാതാപിതാക്കൾ അങ്ങേയ്ക്ക് തെണ്ടമായിരിക്കട്ടെ. കവി പറയുന്നു:

തന്റെ ബലഹീനതകൊണ്ട് നിനക്ക് ഒന്നും പകരം നൽകാൻ കഴിയാത്ത ആൾക്ക് നീ ആശ്രയമായി മാറുക. ഒരുനാൾ നിന്റെ ദയയുടെ ഫലങ്ങൾ വെളിപ്പെടുന്നത് നിനക്ക് കാണാൻ സാധിക്കും.

(പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ട് മാത്രം മറ്റുള്ളവരെ സഹായിക്കരുത്; മറിച്ച്, നിങ്ങൾക്ക് തിരികെ തരാൻ കഴിയാത്തവരെ സഹായിക്കുക, അതിന്റെ ഫലമായുണ്ടാകുന്ന അനുഗ്രഹങ്ങൾ നിങ്ങൾക്ക് നേരിൽ കാണാൻ സാധിക്കും. ഇതാണ് ഒരു കവി പറഞ്ഞിരിക്കുന്നത്.)

ഒരു ദിവസം, ആ ബലഹീനനായ വ്യക്തി ഒന്നുകിൽ നിങ്ങളുടെ ഔദാര്യത്തിന് പകരം തരും അല്ലെങ്കിൽ നിങ്ങളെ പ്രശംസിക്കും, നിങ്ങളുടെ ഉപകാരത്തിന് നന്ദി പ്രകടിപ്പിക്കുന്ന ഏതൊരു വ്യക്തിയും വാസ്തവത്തിൽ അതിന് പ്രതിഫലം നൽകിക്കഴിഞ്ഞു.

അൽഹംദുലില്ലാഹ് (സർവ്വസ്തുതിയും അല്ലാഹുവിനാണ്) എന്ന് പറഞ്ഞുകൊണ്ട് ആരെങ്കിലും നന്ദി പ്രകടിപ്പിക്കുകയും അവന് സ്തുതി അർപ്പിക്കുകയും ചെയ്താൽ, തനിക്ക് നൽകിയ ഉപകാരത്തിന് അവൻ പകരം നൽകിക്കഴിഞ്ഞു.

അവർ ഈ കാവ്യശകലങ്ങളിൽ നിന്ന് തുടർന്നും ചൊല്ലിക്കൊണ്ടിരുന്നു:

നീ മാന്യനായ ഒരു വ്യക്തിയുമായി നല്ല ബന്ധം നിലനിർത്താൻ ഉദ്ദേശിക്കുമ്പോൾ, ആ ബന്ധം ദുർബലമായോ ജീർണ്ണിച്ചോ പോയതായി നിങ്ങൾക്ക് ഒരിക്കലും കണ്ടെത്താനാകില്ല.

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ബന്ധുക്കളോട് ദയ കാണിക്കുന്നത് ഒരിക്കലും പൊട്ടിവീഴാൻ പാകത്തിലുള്ള ദുർബലമായ ഒരു കയറുപോലെ ഉള്ളതല്ല. മറിച്ച്, അത്തരം സൽപ്രവൃത്തികൾക്ക് സർവ്വശക്തനായ അല്ലാഹു തന്നെ പ്രതിഫലം നൽകുന്നതിനാൽ അതൊരു ശക്തമായ ബന്ധമാണ്.

ഹദ്റത്ത് ആയിശ (റ) പറയുന്നു: ഞാൻ ഈ വരികൾ ചൊല്ലിത്തീർന്നപ്പോൾ, തിരുനബി (സ) പറഞ്ഞു:

'ആയിശ, ഇത് തികച്ചും സത്യമാണ്. അന്ത്യനാളിൽ അല്ലാഹു മനുഷ്യരെ ഒരേകൂട്ടമായി എഴുന്നേൽപ്പിക്കുകയും, തന്റെ ദാസന്മാരിൽ ഒരാളോട് ചോദിക്കുകയും ചെയ്യും:

എന്റെ ദാസന്മാരിൽ ഒരാൾ നിനക്ക് ഒരു ഉപകാരം ചെയ്തിരുന്നു. നീ അവന് നന്ദി പറഞ്ഞിരുന്നോ? ആ ദാസൻ മറുപടി പറയും: എന്റെ റബ്ബേ, ആ ഉപകാരം ആത്യന്തികമായി നിന്നിൽ നിന്നാണ് വന്നതെന്ന് ഞാൻ അറിഞ്ഞിരുന്നു, അതിനാൽ ഞാൻ നിനക്ക് നന്ദി പറഞ്ഞു. (അവൻ ആ വ്യക്തിയോട് നന്ദി പറഞ്ഞില്ല; പകരം അവൻ അല്ലാഹുവിനാണ് നന്ദി പറഞ്ഞത്). അപ്പോൾ അല്ലാഹു പറയും: **എന്റെ അനുഗ്രഹം ഞാൻ ഏതൊരാൾ മുഖേനയാണോ നിനക്ക് നൽകിയത്, ആ വ്യക്തിയോട് നീ നന്ദി കാണിച്ചിട്ടില്ലെങ്കിൽ, നീ യഥാർത്ഥത്തിൽ എനിക്കും നന്ദി കാണിച്ചിട്ടില്ല.**

*(കൻസുൽ ഉമ്മാൽ, കിതാബുൽ അഖ്‌ലാഖ്, വാല്യം 2, ഭാഗം 3, ഹദീസ് 8621, ദാറുൽ കുതുബ് അൽഇൽമിയ്യ, പേജ് 297)*

**ഐക്യമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിന് എത്ര മനോഹരമായ ഒരു തത്വമാണിത്!**

നന്ദിയുള്ള മനോഭാവം വളർത്തിയെടുക്കുന്നതിനുള്ള ഒരു പ്രാർത്ഥനയും തിരുനബി (സ) പഠിപ്പിച്ചുതന്നിട്ടുണ്ട്. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഗന്നാം അൽബയാദി (റ) നിവേദനം ചെയ്യുന്നു; തിരുനബി (സ) പറഞ്ഞു:

ആരെങ്കിലും രാവിലെ എഴുന്നേൽക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുകയാണെങ്കിൽ: അല്ലാഹുവേ, ഞാൻ ഏതൊരു അനുഗ്രഹവുമായിട്ടാണോ ഉണരുന്നത് അത് നിന്നിൽ നിന്ന് തന്നെയുള്ളതാണ്. നീ ഏകനാണ്, നിനക്ക് പങ്കാളികളില്ല. സർവ്വസ്തുതിയും നിനക്കുള്ളതാണ്, സർവ്വ നന്ദിയും നിനക്കുള്ളതാണ്. അങ്ങനെയുള്ള വ്യക്തി ആ ദിവസത്തേക്കുള്ള നന്ദി നിർവ്വഹിച്ചു കഴിഞ്ഞു. ആരെങ്കിലും വൈകുന്നേരവും ഇതുപോലെ തന്നെ പറഞ്ഞാൽ, അവൻ ആ രാത്രിയിലേക്കുള്ള നന്ദിയും നിർവ്വഹിച്ചു കഴിഞ്ഞു.

*(സുനൻ അബൂ ദാവൂദ്, കിതാബുൽ അദബ്, ഹദീസ് 5073)*

അതുപോലെ, ഹദ്റത്ത് മുആദ് ബിൻ ജബൽ (റ) നിവേദനം ചെയ്യുന്ന മറ്റൊരു നിവേദനവുമുണ്ട്:

• ഹദീഥുന്നബ്‌വി ﷺ •

"അക്‌രിമൂ ഔലാദക്കും."
നിങ്ങൾ നിങ്ങളുടെ മക്കളെ ആദരിക്കുക.

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM,

• ഹദീഥുന്നബ്‌വി ﷺ •

"അൽഅമാനത്തു ഇസ്സുൻ."
വിശ്വസ്തത അന്തസ്സാണ്.

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

നബി (സ) എന്റെ കൈ പിടിച്ചു കൊണ്ട് പറഞ്ഞു: മുആദ്, അല്ലാഹുവാണെ സത്യം, ഞാൻ നിന്നെ തീർച്ചയായും സ്നേഹിക്കുന്നു. തുടർന്ന് അവിടുന്ന് പറഞ്ഞു: മുആദ്, ഓരോ നിസ്കാരത്തിന് ശേഷവും താഴെ പറയുന്ന പ്രാർത്ഥന ചൊല്ലുന്നത് ഒരിക്കലും ഒഴിവാക്കരുതെന്ന് ഞാൻ നിന്നെ ഉപദേശിക്കുന്നു:

اَللّٰهُمَّ اَعِنِّيْ عَلٰى ذِكْرِكَ وَشُكْرِكَ وَحُسْنِ عِبَادَتِكَ

**അല്ലാഹുവേ, നിന്നെ സ്മരിക്കുന്നതിനും, നിനക്ക് നന്ദി പറയുന്നതിനും, ഏറ്റവും മികച്ച രീതിയിൽ നിന്നെ ആരാധിക്കുന്നതിനും നീ എന്നെ സഹായിക്കേണമേ.**

*(സുനൻ അബൂ ദാവൂദ്, കിതാബുൽ വിത്ർ, ഹദീസ് 1522)*

മറ്റൊരു നിവേദനത്തിൽ, അബു അലാ ഇബ്ൻ ശക്കീർ, ബനൂ ഹൻദല ഗോത്രത്തിൽ പെട്ട ഒരാളിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്നു; അദ്ദേഹം പറഞ്ഞു:

ഞാൻ ഹദ്റത്ത് ശദ്ദാദ് ബിൻ ഔസിനൊപ്പം യാത്ര ചെയ്യുകയായിരുന്നു, അപ്പോൾ അദ്ദേഹം പറഞ്ഞു: തിരുനബി (സ) ഞങ്ങൾക്ക് പഠിപ്പിച്ച പ്രാർത്ഥന ഞാൻ നിങ്ങൾക്ക് പഠിപ്പിച്ചു തരട്ടെയോ? **എല്ലാ കാര്യങ്ങളിലും ദൃഢചിത്തത നൽകാൻ ഞാൻ നിന്നോട് ചോദിക്കുന്നു. മാർഗ്ഗദർശനത്തിൽ ഉറച്ചുനിൽക്കാനുള്ള കഴിവ് നൽകാൻ ഞാൻ നിന്നോട് യാചിക്കുന്നു. നിന്റെ അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാനും ഏറ്റവും മികച്ച രീതിയിൽ നിന്നെ ആരാധിക്കാനും നീ എനിക്ക് സൗഭാഗ്യം നൽകേണമേ. സത്യസന്ധമായ നാവും സുരക്ഷിതമായ ഹൃദയവും ഞാൻ നിന്നോട് ചോദിക്കുന്നു. നീ അറിയുന്ന തിന്മകളിൽ നിന്ന് ഞാൻ നിന്റെ രക്ഷ തേടുന്നു, നീ അറിയുന്ന നന്മകൾ ഞാൻ നിന്നോട് ചോദിക്കുന്നു. നീ അറിയുന്ന കാര്യങ്ങളിൽ നിന്ന് ഞാൻ നിന്നോട് മാപ്പ് ചോദിക്കുന്നു.** മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒരാൾ അല്ലാഹുവിനോടും, ലോകത്ത് മാപ്പ് നൽകാനും മനുഷ്യർക്ക് ഉപകാരപ്പെടാനും കഴിയുന്ന മറ്റെല്ലാവരോടും മാപ്പ് ചോദിക്കുന്നു. 'അല്ലാഹുവിന് മാത്രമാണ് അദൃശ്യമായ കാര്യങ്ങളെക്കുറിച്ച് അറിയാവുന്നത്.

*(ജാമിഅ് തിർമിദി, അബ്വാബുദ് ദഅ്വത്ത്, ഹദീസ് 3407)*

**ഒരു വ്യക്തിക്ക് യഥാർത്ഥത്തിൽ എന്താണ് പ്രയോജനം ചെയ്യുക, എന്താണ് പ്രയോജനം ചെയ്യാത്തത് എന്ന് അല്ലാഹുവിന് മാത്രമാണ് അറിയാവുന്നത്.** അതുകൊണ്ടാണ് ഇങ്ങനെ ദു:ആ ചെയ്യുന്നത്; അല്ലാഹുവേ, എല്ലാ കാര്യങ്ങളിലും നീ എന്നോട് കരുണ കാണിക്കേണമേ, നീ സൃഷ്ടിച്ചതും എനിക്ക് പ്രയോജനകരമാകുന്നതുമായ എല്ലാ കാര്യങ്ങളിലും എനിക്ക് നന്മ നൽകേണമേ.

ഒരിക്കൽ, തിരുനബി (സ) ഒരു പ്രാർത്ഥന പഠിപ്പിച്ചു കൊടുത്തു. ഹദ്റത്ത് അബു സഈദ് (റ) നിവേദനം ചെയ്യുന്നു; ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, എന്റെ നമസ്കാരത്തിൽ ഞാൻ ചൊല്ലാൻ ഏറ്റവും മികച്ച പ്രാർത്ഥന ഏതാണ്?' തിരുനബി (സ) മറുപടി പറഞ്ഞു: പറയുക:

اَللّٰهُمَّ لَكَ الْحَمْدُ كُلُّهٗ وَلَكَ الشُّكْرُ كُلُّهٗ وَلَكَ الْمُلْكُ
كُلُّهٗ وَلَكَ الْخَلْقُ كُلُّهٗ وَاِلَيْكَ يَرْجِعُ الْاَمْرُ كُلُّهٗ
نَسْئَلُكَ مِنَ الْخَيْرِ وَاَعُوْذُ بِكَ مِنَ الشَّرِّ كُلِّهٖ۔

അല്ലാഹുവേ, സർവ്വസ്തുതിയും നിനക്കുള്ളതാണ്, സർവ്വ നന്ദിയും നിനക്കുള്ളതാണ്, സർവ്വ രാജാധിപത്യവും നിനക്കുള്ളതാണ്, സർവ്വ സൃഷ്ടിപ്പും നിനക്കുള്ളതാണ്, എല്ലാ കാര്യങ്ങളും തിരിച്ചുവരുന്നത് നിന്നിലേക്കാണ്. **എല്ലാത്തരം നന്മകളും ഞങ്ങൾ നിന്നോട് ചോദിക്കുന്നു, എല്ലാത്തരം തിന്മകളിൽ നിന്നും ഞങ്ങൾ നിന്നോട് രക്ഷ തേടുന്നു.**

*(ജംഉൽ ജവാമിഅ്, ഹദീസ് 15222, വാല്യം 15, ദാറുൽ കുതുബ് അൽഇൽമിയ്യ, 2016, പേജ് 571,572)*

തിരുനബി (സ) സ്വന്തമായി പ്രാർത്ഥിക്കാറുണ്ടായിരുന്ന ഒരു പ്രാർത്ഥനയെക്കുറിച്ചും ഒരു നിവേദനത്തിൽ പരാമർശിക്കുന്നുണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു; തിരുനബി (സ) പലപ്പോഴും ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു, അതിന്റെ വിവർത്തനം ഇതാണ്:

എന്റെ നാഥാ, എനിക്ക് നീ സഹായിയാകേണമേ, എനിക്കെതിരായി ആർക്കും നീ സഹായിയാകരുതേ. എനിക്ക് നീ സഹായം നൽകേണമേ, എനിക്കെതിരായി ആർക്കും നീ സഹായം നൽകരുതേ. എനിക്കുവേണ്ടി നീ ആസൂത്രണം ചെയ്യേണമേ, എനിക്കെതിരായി ആരും ആസൂത്രണം ചെയ്യാൻ ഇടവരുത്തരുതേ. എനിക്ക് മാർഗ്ഗദർശനം നൽകുകയും മാർഗ്ഗദർശനം എനിക്ക് എളുപ്പമാക്കിത്തരികയും ചെയ്യേണമേ. എനിക്കെതിരായി അതിക്രമം കാണിക്കുന്നവനെതിരെ നീ എനിക്ക് വിജയം നൽകേണമേ. അല്ലാഹുവേ, എന്നെ ഏറ്റവുമധികം നന്ദിയുള്ളവനും, നിന്നെ നിരന്തരം സ്മരിക്കുന്നവനും, നിന്നെ ഭയപ്പെടുന്നവനും, നിനക്ക് പൂർണ്ണമായും കീഴ്പ്പെട്ടുനടക്കുന്നവനും, നിനക്ക് ധാരാളമായി കുനിയുന്നവനും ആക്കേണമേ. എന്റെ നാഥാ, എന്റെ പശ്ചാത്താപം സ്വീകരിക്കേണമേ, എന്റെ പാപങ്ങൾ കഴുകിക്കളയേണമേ, എന്റെ പ്രാർത്ഥന സ്വീകരിക്കേണമേ, എന്റെ തെളിവ് ശക്തമാക്കേണമേ, എന്റെ ഹൃദയത്തിന് മാർഗ്ഗദർശനം നൽകേണമേ, എന്റെ നാവിനെ സത്യത്തിൽ ചൊവ്വായി നിലനിർത്തേണമേ, എന്റെ ഹൃദയത്തിൽ നിന്നുള്ള സകല വിദ്വേഷവും നീക്കം ചെയ്യേണമേ.

*(സുനൻ അബൂ ദാവൂദ്, കിതാബുൽ വിത്ർ, ഹദീസ് 1510)*

ഇനി, തിരുനബി (സ)യുടെ ഹൃദയം പൂർണ്ണമായും ശുദ്ധവും എല്ലാ അശുദ്ധിയിൽ നിന്നും മുക്തവുമായിരുന്നു, അവിടുന്ന് പൂർണ്ണമായും സർവ്വശക്തനായ അല്ലാഹുവിലേക്ക് തിരിഞ്ഞവനുമായിരുന്നു. അവിടുന്ന് തനിക്കുവേണ്ടിയാണ് ഈ പ്രാർത്ഥന ചൊല്ലിയതെങ്കിലും, യഥാർത്ഥത്തിൽ അവിടുന്ന് ഇത് നമുക്ക് പഠിപ്പിക്കുകയായിരുന്നു; അങ്ങനെ അവിടുത്തെ ഓരോ അനുയായിയും ശുദ്ധമായ ഹൃദയത്തിനായി പ്രാർത്ഥിക്കുകയും സർവ്വശക്തനായ അല്ലാഹുവിന്റെ അനുഗ്രഹം തേടുകയും ചെയ്യേണ്ടതുണ്ട്.

ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു: തിരുനബി (സ)യിൽ നിന്ന് ഞാൻ പഠിച്ചെടുത്ത ഒരു പ്രാർത്ഥനയുണ്ട്, അത് ഞാൻ ഒരിക്കലും ഉപേക്ഷിച്ചിട്ടില്ല. ആ പ്രാർത്ഥനയുടെ വിവർത്തനം ഇതാണ്: **അല്ലാഹുവേ, എന്നെ ഏറ്റവുമധികം നന്ദി കാണിക്കുന്നവനും, നിന്നെ നിരന്തരം സ്മരിക്കുന്നവനും, നിന്റെ മാർഗ്ഗദർശനം പിന്തുടരുന്നവനും, നിന്റെ കൽപ്പനകൾ എപ്പോഴും ഓർക്കുന്നവനും ആക്കേണമേ.**

*(ജാമിഅ് തിർമിദി, അബ്വാബുദ് ദഅ്വത്ത്, ഹദീസ് 3604)*

**ആരെങ്കിലും ഈ പ്രാർത്ഥന എല്ലാ ദിവസവും ചൊല്ലുകയാണെങ്കിൽ, അനുചിതമായ ചിന്തകൾ അവരുടെ മനസ്സിൽ വരികയില്ല, അവർ തെറ്റായ പ്രവൃത്തികളിൽ ഏർപ്പെടുകയുമില്ല. പകരം, സർവ്വശക്തനായ അല്ലാഹു കൽപ്പിച്ചിട്ടുള്ള കാര്യങ്ങൾ മാത്രമായിരിക്കും അവർ ചെയ്യുക.**

ആരെങ്കിലും ഏതെങ്കിലും പരീക്ഷണത്താൽ ബുദ്ധിമുട്ടിലായാൽ, ആ വ്യക്തി ഈ പ്രാർത്ഥന ചൊല്ലട്ടെ, അങ്ങനെ അവൻ തനിക്ക് നൽകപ്പെട്ട അനുഗ്രഹത്തിന് യഥാർത്ഥത്തിൽ നന്ദി പ്രകടിപ്പിച്ചിരിക്കുന്നു എന്ന് അല്ലാഹുവിന്റെ ദൂതർ (സ) പറഞ്ഞതായി ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. ആ പ്രാർത്ഥന ഇതാണ്: ഏതൊരു പരീക്ഷണം കൊണ്ടാണോ അവൻ നിന്നെ പരീക്ഷിച്ചത്, ആ പരീക്ഷണത്തിൽ നിന്ന് എന്നെ രക്ഷിക്കുകയും, നിന്നെക്കാളും അവന്റെ സൃഷ്ടികളിൽ എല്ലാവരെക്കാളും എനിക്ക് ഉന്നത പദവി നൽകുകയും ചെയ്ത അല്ലാഹുവിനാണ് സർവ്വസ്തുതിയും.'

*(കിതാബുൽ ശുക്ർ, ഇബ്നു അബിദുൻയാ, മക്തബത്തു തുറാഥിൽ ഇസ്ലാമി, 1994, പേജ് 55)*

മറ്റൊരാൾ കഷ്ടപ്പാടുകൾ അനുഭവിക്കുന്നത് കാണുമ്പോൾ, ഇതേ രീതിയിൽ പ്രാർത്ഥിക്കുകയും ആ കഷ്ടപ്പാടുകളിൽ നിന്ന് തന്നെ രക്ഷിച്ചതിന് സർവ്വശക്തനായ അല്ലാഹുവിനോട് നന്ദി പറയുകയും വേണം.

തിരുനബി (സ) തനിക്ക് സന്തോഷം നൽകുന്ന എന്തെങ്കിലും കാണുമ്പോഴെല്ലാം താഴെ പറയുന്ന പ്രാർത്ഥന ചൊല്ലിയിരുന്നതായി ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു:

اَلْحَمْدُ لِلّٰهِ الَّذِيْ بِنِعْمَتِهٖ تَتِمُّ الصَّالِحَاتُ۔

അല്ലാഹുവിന്റെ അനുഗ്രഹത്താൽ സൽപ്രവൃത്തികളെല്ലാം പൂർത്തിയാക്കപ്പെടുന്നു, സർവ്വസ്തുതിയും അല്ലാഹുവിനാണ്.

തനിക്ക് അനിഷ്ടമുണ്ടാക്കുന്ന എന്തെങ്കിലും കാണുമ്പോഴെല്ലാം തിരുനബി (സ) ഇപ്രകാരം പറയുമായിരുന്നു:

اَلْحَمْدُ لِلّٰهِ عَلٰى كُلِّ حَالٍ

എല്ലാ അവസ്ഥകളിലും സർവ്വസ്തുതിയും അല്ലാഹുവിനാണ്.

*(സുനൻ ഇബ്നു മാജ, കിതാബുൽ അദാബ്, ഹദീസ് 3803)*

ഹദ്റത്ത് അനസ് (റ) പറയുന്നു: 'ഞങ്ങൾ തിരുനബി (സ)യോടൊപ്പം യാത്ര ചെയ്യുകയായിരുന്നു, അപ്പോൾ മഴ പെയ്യാൻ തുടങ്ങി. തിരുനബി (സ) തന്റെ തലയിൽ നിന്നുള്ള വസ്ത്രം മാറ്റി, അങ്ങനെ മഴവെള്ളം നേരിട്ട് നബി(സ)ന്റെ ശിരസിൽ പതിച്ചു. ഞങ്ങൾ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, എന്തുകൊണ്ടാണ് അങ്ങ് ഇങ്ങനെ ചെയ്തത്?' അവിടുന്ന് മറുപടി പറഞ്ഞു: **ഇത് നമ്മുടെ ഉന്നതനായ റബ്ബിൽ നിന്ന് പുതുതായി വന്നതാണ്.**

**• ഹദീഥുന്നബവ്വി ﷺ •**

**“തഅല്ലമുൽയഖീന.”**

**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

*(സഹീഹ് മുസ്‌ലിം, (വിവർത്തനം), കിതാബ് സ്വലാതിൽ ഇസ്തിസ്ഖാഅ്, ഹദീസ് 1485, വാല്യം 4, നൂർ ഫൗണ്ടേഷൻ, പേജ് 5455)*

**അങ്ങനെ, നന്ദി സൂചകമായി, ആ പുതിയ മഴത്തുള്ളികൾ തന്റെ മേൽ വീഴാൻ അവിടുന്ന് അനുവദിച്ചു.**

അതുപോലെ ഹദ്റത്ത് അബു ഹുറയ്റ (റ) നിവേദനം ചെയ്യുന്നു: മേഘത്തിൽ നിന്നുള്ള ആദ്യത്തെ മഴത്തുള്ളികൾ വീഴാൻ തുടങ്ങുമ്പോഴെല്ലാം, തിരുനബി (സ)യും സഹാബാക്കളും അവരുടെ ശിരസുകൾ വെളിപ്പെടുത്തുമായിരുന്നു.

തിരുനബി (സ) ഇപ്രകാരം പറയുമായിരുന്നു: **ഇത് നമ്മുടെ പ്രതാപശാലിയും ഉന്നതനുമായ റബ്ബിൽ നിന്നുള്ള പുതിയ അനുഗ്രഹമാണ്, ഇത് അവന്റെ ഏറ്റവും അനുഗൃഹീത ഔദാര്യങ്ങളിൽ പെട്ടതുമാണ്.**

*(കൻസുൽ ഉമ്മാൽ, കിതാബുൽ അദ്കാർ, ഹദീസ് 4936, വാല്യം 1-ാം, ഭാഗം 2, ദാറുൽ കുതുബ് അൽഇൽമിയ്യ, ബെയ്റൂട്ട്, പേജ് 267)*

അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കാത്ത ഒരു അവസരവും തിരുനബി (സ)യുടെ ജീവിതത്തിൽ ഉണ്ടായിരുന്നില്ല. ഏറ്റവും ചെറിയ കാര്യങ്ങളിൽ പോലും അവിടുന്ന് നന്ദിയുള്ളവനായി തുടർന്നു. മത്രമല്ല തിരുനബി (സ) ശുചിമുറിയിൽ നിന്ന് പുറത്തിറങ്ങുമ്പോഴെല്ലാം താഴെ പറയുന്ന പ്രാർത്ഥന ചൊല്ലിയിരുന്നതായി ഹദ്റത്ത് മാലിക് (റ) നിവേദനം ചെയ്യുന്നു:

اَلْحَمْدُ لِلّٰهِ الَّذِيْ اَذْهَبَ عَنِّي الْاَذٰى وَعَافَانِيْ

എനിക്ക് ഹാനികരമായത് നീക്കം ചെയ്തുതരികയും എനിക്ക് നല്ല ആരോഗ്യം പ്രദാനം ചെയ്യുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.

*(സുനൻ ഇബ്നു മാജ, കിതാബുത്തഹാറ:, ഹദീസ് 301)*

ഹദ്റത്ത് സൈദ് ബിൻ ഖാലിദ് അൽജുഹാനി (റ) നിവേദനം ചെയ്യുന്നു: രാത്രിയിൽ മഴ പെയ്തതിനു ശേഷം ഹുദൈബിയ്യയിൽ വെച്ച് തിരുനബി (സ) തങ്ങൾക്ക് ഫജ്ർ നമസ്കാരത്തിന് നേതൃത്വം നൽകി. നമസ്കാരം പൂർത്തിയാക്കിയ ശേഷം അവിടുന്ന് ജനങ്ങൾക്ക് നേരെ തിരിഞ്ഞ് ചോദിച്ചു: നിങ്ങളുടെ പ്രതാപശാലിയും ഉന്നതനുമായ റബ്ബ് എന്താണ് പറഞ്ഞിട്ടുള്ളതെന്ന് നിങ്ങൾക്ക് അറിയാമോ? ജനങ്ങൾ മറുപടി നൽകി: അല്ലാഹുവിനും അവന്റെ ദൂതനുമാണ് ഏറ്റവും നന്നായി അറിയാവുന്നത്. തിരുനബി (സ) പറഞ്ഞു: **അല്ലാഹു പറയുന്നു: എന്റെ ദാസന്മാരിൽ ചിലർ ഈ രാവിലെ എന്നിൽ വിശ്വസിച്ചവരായി എഴുന്നേറ്റു, മറ്റുചിലർ എന്നെ നിഷേധിച്ചവരായി എഴുന്നേൽക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും കൊണ്ടാണ് ഞങ്ങൾക്ക് മഴ ലഭിച്ചത് എന്ന് പറഞ്ഞവൻ എന്നിൽ വിശ്വസിച്ചവനും നക്ഷത്രങ്ങളെ നിഷേധിച്ചവനുമാണ്. എന്നാൽ ഇന്ന നക്ഷത്രത്തിന്റെ ഉദയം കൊണ്ടാണ് ഞങ്ങൾക്ക് മഴ ലഭിച്ചത് എന്ന് പറയുന്നവൻ എന്നെ നിഷേധിക്കുകയും നക്ഷത്രങ്ങളിൽ വിശ്വസിക്കുകയും ചെയ്തവനാണ്.**

*(സഹീഹ് അൽ ബുഖാരി, കിതാബ് അൽഅദ്ഹാൻ, ഹദീസ് 846, വിവർത്തനം, വാല്യം 2, നളറാത്ത് ഇശാഅത്ത്, പേജ് 247,248)*

അതായത് അവൻ അല്ലാഹുവിൽ വിശ്വസിക്കുന്നില്ല; പകരം, അവൻ നക്ഷത്രങ്ങളെയാണ് ആരാധിക്കുന്നത്.

അതിനാൽ, **ഓരോ അനുഗ്രഹവും സർവ്വശക്തനായ അല്ലാഹുവിൽ നിന്നുമാത്രമുള്ളതാണെന്ന് വിശ്വസിക്കുകയും അവനോട് നന്ദി പ്രകടിപ്പിക്കുകയും ചെയ്യുക എന്നതാണ് കൃതജ്ഞതയുടെ യഥാർത്ഥ മാനദണ്ഡം.**

അക്കാലത്ത് ചില ആളുകൾക്ക് ശരിയായ തർബിയത്ത് (ശിക്ഷണം) ലഭിച്ചിരുന്നില്ല, അവരുടെ പഴയ ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും അവശിഷ്ടങ്ങൾ അവരിൽ അവശേഷിച്ചിരുന്നു. അവർ ചിലപ്പോഴൊക്കെ മഴയെ ചില പ്രത്യേക നക്ഷത്രങ്ങളുമായി ബന്ധപ്പെടുത്തിയിരുന്നു. അതിനാൽ തിരുനബി (സ) കൃതജ്ഞതയുടെ യഥാർത്ഥ അർത്ഥം വിശദീകരിക്കുകയും അതിനനുസരിച്ച് അവരെ ധാർമ്മികമായി പരിശീലിപ്പിക്കുകയും ചെയ്തു.

മറ്റൊരു നിവേദനത്തിൽ, ജഅ്ഫർ ബിൻ മുഹമ്മദ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു; തിരുനബി (സ) കണ്ണാടിയിൽ നോക്കുമ്പോഴെല്ലാം ഇപ്രകാരം പ്രാർഥിക്കുമായിരുന്നു: **എന്നെ സൃഷ്ടിക്കുകയും എനിക്ക് രൂപഭംഗി നൽകുകയും എന്റെ സ്വഭാവം മനോഹരമാക്കുകയും, മറ്റുള്ളവരിൽ ന്യൂനതയായി കാണപ്പെടുന്ന കാര്യങ്ങൾ എന്നിൽ ഭംഗിയുള്ളതാക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.**

*(കിതാബുൽ ശുക്ർ, ഇബ്നു അബീ ദുൻയാ, മക്തബത്തു തുറാഥിൽ ഇസ്‌ലാമി, 1994, പേജ് 54)*

ഹദ്റത്ത് അബു സഈദ് (റ) നിവേദനം ചെയ്യുന്നു; തിരുനബി (സ) എന്തെങ്കിലും കഴിക്കുകയോ കുടിക്കുകയോ ചെയ്താൽ, അതിനുശേഷം ഇപ്രകാരം പറഞ്ഞുകൊണ്ട് നന്ദി പ്രകടിപ്പിക്കുമായിരുന്നു:

اَلْحَمْدُ لِلّٰهِ الَّذِيْ اَطْعَمَنَا وَسَقَانَا وَجَعَلَنَا مُسْلِمِيْنَ۔

**ഞങ്ങൾക്ക് ഭക്ഷണവും വെള്ളവും നൽകുകയും ഞങ്ങളെ മുസ്‌ലിംകളാക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.**

*(ജാമിഅ് തിർമിദി, അബ്‌വാബുദ്ദഅ്‌വാത്, ഹദീസ് 3457)*

ഹദ്റത്ത് അബൂ ഉമാമ (റ) നിവേദനം ചെയ്യുന്നു; തിരുനബി (സ) ഭക്ഷണം കഴിച്ചു കഴിഞ്ഞാൽ, (ഭക്ഷണം കഴിഞ്ഞതിനു ശേഷം അത് സജ്ജീകരിച്ച വിരിപ്പ് എടുത്തുമാറ്റുമ്പോഴായിരുന്നു അതെന്ന് ഹദ്റത്ത് അബൂ ഉമാമ (റ) പറയുന്നു- ഇപ്രകാരം പറയുമായിരുന്നു:

اَلْحَمْدُ لِلّٰهِ الَّذِيْ كَفَانَا وَاَرْوَانَا غَيْرَ مَكْفِيٍّ وَلَا مَكْفُوْرٍ۔

**ഞങ്ങൾക്ക് മതിയാവോളം നൽകുകയും ഞങ്ങളുടെ വിശപ്പും ദാഹവും ശമിപ്പിക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. ഇത് ഇവിടെ അവസാനിക്കുന്നതോ ഉപേക്ഷിക്കപ്പെടുന്നതോ ആയ ഒരു കൃതജ്ഞതയല്ല.**

മറ്റു ചിലപ്പോൾ അവിടുന്ന് പറയുമായിരുന്നു: സർവ്വസ്തുതിയും അല്ലാഹുവിനാണ്. **ഞങ്ങളുടെ നാഥാ, ഇത് ഈ ഭക്ഷണത്തോടെ അവസാനിക്കുന്നതോ, പിന്നീട് ഉപേക്ഷിക്കപ്പെടുന്നതോ, ഇനി ഇതിന്റെ ആവശ്യമില്ലാത്തതോ ആയ ഒരു കൃതജ്ഞതയല്ല, അല്ലയോ ഞങ്ങളുടെ നാഥാ!.**

*(സഹീഹ് അൽ ബുഖാരി, കിതാബുൽ അത്ഇമ, ഹദീസ് 5459, വിവർത്തനം, വാല്യം 13, നളറാത്ത് ഇശാഅത്ത്, പേജ് 401,402)*

തിരുനബി (സ) കൃതജ്ഞത കാണിക്കാൻ കൽപ്പിച്ച മറ്റൊരു നിവേദനവുമുണ്ട്. ഹദ്റത്ത് സഹ്ൽ ബിൻ മുആദ് ബിൻ അനസ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു; തിരുനബി (സ) പറഞ്ഞു: ആരെങ്കിലും ഭക്ഷണം കഴിച്ചതിനു ശേഷം

اَلْحَمْدُ لِلّٰهِ الَّذِيْ اَطْعَمَنِيْ هٰذَا الطَّعَامَ وَرَزَقَنِيْهِ مِنْ غَيْرِ حَوْلٍ مِّنِّيْ وَلَا قُوَّةٍ

**എന്റെ ഭാഗത്തുനിന്നുള്ള യാതൊരു കഴിവും ശക്തിയുമില്ലാതെ എനിക്ക് ഈ ഭക്ഷണം നൽകുകയും അത് എനിക്ക് ഉപജീവനമാക്കുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും,** എന്ന് പ്രാർത്ഥിച്ചാൽ അവന്റെ കഴിഞ്ഞു പോയതും വരാനിരിക്കുന്നതുമായ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.

തിരുനബി (സ) ഇപ്രകാരം പറഞ്ഞു: ആരെങ്കിലും ഒരു വസ്ത്രം ധരിക്കുകയും **എന്റെ ഭാഗത്തുനിന്നുള്ള യാതൊരു കഴിവും ശക്തിയുമില്ലാതെ എനിക്ക് ഈ വസ്ത്രം ധരിപ്പിക്കുകയും അത് എനിക്ക് നൽകുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും** എന്ന് പ്രാർത്ഥിക്കുകയും ചെയ്താൽ, അവന്റെ കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ പാപങ്ങൾ പൊറുക്കപ്പെടുന്നതാണ്.

*(സുനൻ അബൂ ദാവൂദ്, കിതാബുൽ ലിബാസ്, ഹദീസ് 4023)*

ഹദ്റത്ത് അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു; **ആളുകൾ ഒരു കാലാവസ്ഥയിലെ (സീസണിലെ) ആദ്യത്തെ ഫലം ലഭിക്കുമ്പോൾ, അവർ അത് തിരുനബി (സ)യുടെ അടുക്കൽ കൊണ്ടുവരുമായിരുന്നു.** തിരുനബി (സ) അത് സ്വീകരിക്കുമ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു:

അല്ലാഹുവേ, ഞങ്ങളുടെ ഫലങ്ങളിൽ ഞങ്ങൾക്ക് നീ ബറക്കത്ത് (അനുഗ്രഹം) നൽകേണമേ; ഞങ്ങളുടെ പട്ടണത്തിൽ ഞങ്ങൾക്ക് നീ ബറക്കത്ത് നൽകേണമേ; ഞങ്ങളുടെ സ്വാഇൽ (ഒരു അളവുതൂക്കം) ഞങ്ങൾക്ക് നീ ബറക്കത്ത് നൽകേണമേ, ഞങ്ങളുടെ മുദ്ദിൽ (മറ്റൊരു അളവുതൂക്കം) ഞങ്ങൾക്ക് നീ ബറക്കത്ത് നൽകേണമേ. അല്ലാഹുവേ, തീർച്ചയായും ഇബ്രാഹിം നിന്റെ ദാസനും നിന്റെ സ്നേഹിതനും നിന്റെ പ്രവാചകനുമായിരുന്നു; ഞാനും നിന്റെ ദാസനും നിന്റെ പ്രവാചകനുമാകുന്നു. അദ്ദേഹം മക്കയ്ക്കുവേണ്ടി നിന്നോട് പ്രാർത്ഥിച്ചു, അദ്ദേഹം മക്കയ്ക്കുവേണ്ടി പ്രാർത്ഥിച്ചതുപോലെയും അതുപോലെയുള്ള മറ്റ് പ്രാർത്ഥനകളോടെയും ഞാൻ മദീനയ്ക്കുവേണ്ടി നിന്നോട് പ്രാർത്ഥിക്കുന്നു.

തുടർന്ന് തിരുനബി (സ) അവിടെ സന്നിഹിതനായിട്ടുള്ള ഏറ്റവും ചെറിയ കുട്ടിയെ വിളിക്കുകയും ആ ഫലം ആ കുട്ടിക്ക് നൽകുകയും ചെയ്യുമായിരുന്നു എന്ന് നിവേദകൻ പറയുന്നു.

*(സഹീഹ് മുസ്‌ലിം, വിവർത്തനം, കിതാബുൽ ഹജ്ജ്, ഹദീസ് 2423, വാല്യം 26, പേജ് 338)*

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, **പുതിയ ഫലങ്ങൾ എത്തുമ്പോഴെല്ലാം തിരുനബി (സ) അത് ആദ്യം കുട്ടികൾക്കാണ് നൽകിയിരുന്നത്.**

രാത്രി കിടക്കയിൽ കിടക്കുമ്പോൾ തിരുനബി (സ) തന്റെ കൈ കവിളിനടിയിൽ വെച്ച് ഇപ്രകാരം പ്രാർത്ഥിക്കുമായിരുന്നു എന്ന് ഹദ്റത്ത് ഹുദൈഫ (റ) നിവേദനം ചെയ്യുന്നു:

اَللّٰهُمَّ بِاسْمِكَ اَمُوْتُ وَاَحْيَا

**അല്ലാഹുവേ, നിന്റെ നാമത്തിൽ ഞാൻ മരിക്കുന്നു, ജീവിക്കുകയും ചെയ്യുന്നു.**

ഉണരുമ്പോൾ അവിടുന്ന് ഇപ്രകാരം പ്രാർത്ഥിക്കും:

اَلْحَمْدُ لِلّٰهِ الَّذِيْ اَحْيَانَا بَعْدَ مَا اَمَاتَنَا وَاِلَيْهِ النُّشُوْرُ۔

**ഞങ്ങളെ മരിപ്പിച്ച ശേഷം ജീവിപ്പിക്കുകയും, അവനിലേക്ക് തന്നെ ഞങ്ങൾ മടങ്ങേണ്ടതു**

**മായ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.**

*(സ്വഹീഹ് അൽ ബുഖാരി, കിതാബുദ്ദഅ്വാത്, ഹദീസ് 6314, വാല്യം 15, നളറാത്ത് ഇശാഅത്ത്, പേജ് 27)*

മറ്റൊരു നിവേദനത്തിൽ, രാത്രിയിൽ ഉണരുമ്പോഴുള്ള പ്രാർത്ഥന ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്: തിരുനബി (സ) രാത്രിയിൽ ഉണരുമ്പോൾ പറയുമായിരുന്നു: എന്നെ മരിപ്പിച്ച ശേഷം ജീവിപ്പിക്കുകയും, അവനിലേക്ക് തന്നെ ഞങ്ങൾ മടങ്ങേണ്ടതുമായ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.

*(മുസ്നദ് അൽഇമാം അഹ്മദ് ബിൻ ഹൻബൽ, മുസ്നദ് ഹുദൈഫ ബിൻ അൽയമാൻ, ഹദീസ് 23675, വാല്യം 7, ആലമുൽ കുതുബ് 1998, വാല്യം 7, പേജ് 705)*

അമർ ബിൻ ശുഹെബ് തന്റെ പിതാവിൽ നിന്നും, അദ്ദേഹം തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു; തിരുനബി (സ) പറഞ്ഞു: **തന്റെ ദാസന്മാരിൽ തന്റെ അനുഗ്രഹങ്ങളുടെ അടയാളങ്ങൾ പ്രകടമാകുന്നത് കാണാൻ അല്ലാഹു ഇഷ്ടപ്പെടുന്നു.**

*(ജാമിഅ് തിർമിദി, അബ്വാബുൽ അദാബ്, ഹദീസ് 2819)*

അല്ലാഹു തനിക്ക് നൽകിയ അനുഗ്രഹങ്ങൾ ഒരാളുടെ രൂപത്തിലും പ്രകടനത്തിലും ദൃശ്യമാകുക എന്നത് അല്ലാഹുവിനോടുള്ള കൃതജ്ഞതയുടെ മറ്റൊരു രൂപമാണ്.

അതുപോലെ, അബുൽ അഹ്‌വസ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു: ഞാൻ മോശപ്പെട്ടതും കീറിപ്പറഞ്ഞതുമായ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് തിരുനബി (സ)യുടെ അടുക്കൽ പോയി. (അദ്ദേഹം നല്ല വസ്ത്രങ്ങളായിരുന്നില്ല ധരിച്ചിരുന്നത്, മറിച്ച് കീറിയ വസ്ത്രങ്ങളായിരുന്നു ധരിച്ചത്).

തിരുനബി (സ) അദ്ദേഹത്തോട് ചോദിച്ചു: നിന്റെ കൈവശം സമ്പത്തുണ്ടോ? അദ്ദേഹം പറഞ്ഞു: ഉണ്ട്. തിരുനബി (സ) ചോദിച്ചു: എന്തുതരം സമ്പത്താണ് നിന്റെ കൈവശമുള്ളത്? മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നിങ്ങൾ ആസ്തിയുള്ള ആളാണെങ്കിൽ, എന്തു തരം സമ്പത്താണ് നിങ്ങൾക്കുള്ളത്? അദ്ദേഹം മറുപടി പറഞ്ഞു: അല്ലാഹു എനിക്ക് ഒട്ടകങ്ങളെയും ആടുകളെയും കുതിരകളെയും അടിമകളെയും നൽകിയിട്ടുണ്ട്. അതായത്, അദ്ദേഹത്തിന്റെ കൈവശം ധാരാളം സമ്പത്തുണ്ടായിരുന്നു. തിരുനബി (സ) പറഞ്ഞു: **അല്ലാഹു നിങ്ങൾക്ക് സ്വത്ത് നൽകിയിരിക്കെ, അവന്റെ അനുഗ്രഹത്തിന്റെയും ആദരവിന്റെയും അടയാളങ്ങൾ നിങ്ങളുടെമേൽ ദൃശ്യമാകേണ്ടതാണ്.**

*(സുനൻ അബൂ ദാവൂദ്, കിതാബുൽ ലിബാസ്, ഹദീസ് 4063)*

**അല്ലാഹിവിന് നന്ദി പ്രകടിപ്പിക്കേണ്ടതുണ്ട്, കൃതജ്ഞതയുടെ ഒരു പ്രകടനം എന്നത്, ശരിയായ രീതിയിൽ വസ്ത്രം ധരിക്കാൻ വകയുണ്ടായിരിക്കെ മുഷിഞ്ഞതും കീറിയതുമായ വസ്ത്രങ്ങൾ ധരിച്ച് ജനങ്ങളുടെ മുന്നിൽ വരാതിരിക്കുക എന്നതാണ്. മറിച്ച് മാന്യമായ വസ്ത്രങ്ങൾ ധരിക്കുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ പ്രകടിപ്പിക്കുകയും വേണം.**

ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ് (റ) നിവേദനം ചെയ്യുന്നു: ഞങ്ങൾ തിരുനബി (സ)യുടെ അടുക്കൽ വന്നു. അവിടുന്ന് ഒരാളെ കാണുകയുണ്ടായി; അയാളുടെ മുടി അലങ്കോലപ്പെട്ടിരുന്നു (അതായത് മുടി ചീകാതെയും ചിതറിക്കിടക്കുകയായിരുന്നു). തിരുനബി (സ) പറഞ്ഞു: തന്റെ മുടി ഒന്ന് ചീകി വൃത്തിയാക്കാൻ അയാൾക്ക് എന്തെങ്കിലും കണ്ടെത്താൻ കഴിയുമായിരുന്നില്ലേ? അതായത്, ആ മനുഷ്യൻ തന്റെ മുടി കഴുകി, വൃത്തിയാക്കി, ചീകി മിനുക്കേണ്ടതാണെന്ന കാര്യത്തിലേക്ക് അവിടുന്ന് സ്വഹാബികളുടെ ശ്രദ്ധ ക്ഷണിച്ചു. തുടർന്ന് തിരുനബി (സ) വൃത്തികെട്ട വസ്ത്രം ധരിച്ച മറ്റൊരു മനുഷ്യനെ കണ്ടപ്പോൾ പറഞ്ഞു: തന്റെ വസ്ത്രങ്ങൾ കഴുകാൻ അയാൾക്ക് വെള്ളം കിട്ടിയില്ലേ?

*(സുനൻ അബൂ ദാവൂദ്, കിതാബുൽ ലിബാസ്, ഹദീസ് 4062)*

അതായത്, **അലങ്കോലപ്പെട്ട വസ്ത്രങ്ങൾ ധരിക്കുന്നതിന് പകരം ഒരാൾ അവ കഴുകി വൃത്തിയാക്കണം. വെള്ളം ലഭ്യമല്ലേ, അതിനാൽ സർവ്വശക്തനായ അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കണം. ശുചിത്വവും വൃത്തിയും ശുദ്ധിയെയും സംസ്കാരത്തെയും പ്രതിഫലിപ്പിക്കുന്നു, ഒപ്പം അവയിൽ അല്ലാഹുവിനോടുള്ള നന്ദിയുടെ ഒരു വശവും അടങ്ങിയിരിക്കുന്നു. താൻ എന്തുതരം അവസ്ഥയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് മറ്റുള്ളവർ അത്ഭുതപ്പെടുന്ന രീതിയിൽ ഒരാളും തന്റെ രൂപം പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കാൻ പാടില്ല.**

മറ്റൊരു നിവേദനത്തിൽ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് (റ) നിവേദനം ചെയ്യുന്നു; തിരുനബി (സ) പറഞ്ഞു:

**ഹൃദയത്തിൽ അൽപമെങ്കിലും അഹങ്കാരമുള്ളവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല.** ഒരാൾ ചോദിച്ചു: എന്നാൽ ഒരാൾക്ക് തന്റെ വസ്ത്രങ്ങളും ചെരിപ്പുകളും മികച്ചതായിരിക്കാൻ ഇഷ്ടമാണെങ്കിലോ? തിരുനബി (സ) മറുപടി പറഞ്ഞു: അല്ലാഹു സുന്ദരനാണ്, സൗന്ദര്യത്തെ അവൻ ഇഷ്ടപ്പെടുന്നു. അതായത്, സർവ്വശക്തനായ അല്ലാഹു തന്നെ സുന്ദരനാണ്, അവൻ സൗന്ദര്യത്തെ ഇഷ്ടപ്പെടുന്നു; ഇതിൽ യാതൊരു സംശയവുമില്ല.

**അഹങ്കാരം എന്നത് തികച്ചും വ്യത്യസ്തമായ ഒന്നാണ്: അത് സ്വന്തം മഹത്വം കാണിച്ച് സത്യത്തെ നിരസിക്കുകയും ആളുകളെ നിസ്സാരന്മാരായി കാണുകയും ചെയ്യലാണ്.**

*(സ്വഹീഹ് മുസ്‌ലിം, വിവർത്തനം, കിതാബുൽ ഈമാൻ, ഹദീസ് 123, വാല്യം 1, നൂർ ഫൗണ്ടേഷൻ, പേജ് 83)*

സത്യത്തെ നിഷേധിക്കുകയും മറ്റുള്ളവരെ അവഹേളനത്തോടെ കാണുകയും ചെയ്യുക എന്നത് അഹങ്കാരത്തെ സൂചിപ്പിക്കുന്നു. ഒരാൾ നല്ല വസ്ത്രങ്ങൾ ധരിക്കുകയും അതിൽ അഹങ്കരിക്കുകയും ചെയ്താൽ, അത് തീർച്ചയായും അഹങ്കാരമാണ്. എന്നാൽ ഒരാൾ നല്ല വസ്ത്രം ധരിക്കുകയും എന്നാൽ ആളുകളോട് വിനയത്തോടെ പെരുമാറുകയും അവരുടെ അവകാശങ്ങൾ നിറവേറ്റി കൊടുക്കുകയും ചെയ്താൽ, ഇത് അഹങ്കാരമല്ല.

ഹദ്റത്ത് അബു സഈദ് ഖുദ്‌രി (റ) നിവേദനം ചെയ്യുന്നു; തിരുനബി (സ) പുതിയ വസ്ത്രം ലഭിക്കുമ്പോഴെല്ലാം ആ വസ്ത്രത്തിന്റെ പേര് എടുത്ത് പറയുമായിരുന്നു (അത് കുപ്പായമോ തലപ്പാവോ മറ്റേതെങ്കിലും വസ്ത്രമോ ആകട്ടെ) എന്നിട്ട് ഇപ്രകാരം പ്രാർത്ഥിക്കും:

അല്ലാഹുവേ, സർവ്വസ്തുതിയും നിനക്കുള്ളതാണ്. ഇത് എനിക്ക് അണിയിച്ചുതന്നത് നീയാണ്. ഇതിന്റെ നന്മയും എന്തിനുവേണ്ടിയാണോ ഇത് നിർമ്മിക്കപ്പെട്ടത് ആ നന്മയും ഞാൻ നിന്നോട് ചോദിക്കുന്നു, ഇതിന്റെ തിന്മയിൽ നിന്നും എന്തിനുവേണ്ടിയാണോ ഇത് നിർമ്മിക്കപ്പെട്ടത് ആ തിന്മയിൽ നിന്നും ഞാൻ നിന്നോട് രക്ഷ തേടുകയും ചെയ്യുന്നു.

*(സുനൻ അബൂ ദാവൂദ്, കിതാബുൽ ലിബാസ്, ഹദീസ് 4020)*

ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു; തിരുനബി (സ) പറഞ്ഞു: അല്ലാഹു ഒരു ദാസന് ഏതെങ്കിലും അനുഗ്രഹം നൽകുകയും, ആ അനുഗ്രഹം അല്ലാഹുവിൽ നിന്നാണെന്ന് ആ ദാസൻ തിരിച്ചറിയുകയും ചെയ്താൽ, ആ അനുഗ്രഹത്തിനുള്ള കൃതജ്ഞത അവന്റെ പേരിൽ രേഖപ്പെടുത്തപ്പെടുന്നു. അല്ലാഹു ഒരു ദാസൻ തന്റെ തെറ്റിൽ പശ്ചാത്തപിക്കുന്നത് കാണുമ്പോൾ, അവൻ പാപമോചനം തേടുന്നതിന് മുമ്പ് തന്നെ അവന് അവൻ പൊറുത്തുകൊടുക്കുന്നു. ഒരാൾ ഒരു ദീനാറിന് ഒരു വസ്ത്രം വാങ്ങുകയും അത് ധരിച്ച് അല്ലാഹുവിനെ സ്തുതിക്കുകയും ചെയ്യുന്നു; ആ വസ്ത്രം അവന്റെ മുട്ടുകളിൽ എത്തുന്നതിന് മുമ്പ് തന്നെ അവന് പൊറുക്കപ്പെട്ടിരിക്കുന്നു.

*(കിതാബുൽ ശുക്ർ, ഇബ്നു അബി അദ്ദുന്യാ, മക്തബത്തു തുറാഥിൽ ഇസ്‌ലാമി, 1994, പേജ് 20)*

നന്ദി പ്രകടിപ്പിക്കുന്നവരോട് അല്ലാഹു ഇങ്ങനെയൊക്കെയാണ് പെരുമാറുന്നത്.

സാലിം, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ (റ) യിൽ നിന്ന് നിവേദനം ചെയ്യുന്നു; തിരുനബി (സ) ഒരു സൈനിക നീക്കത്തിൽ നിന്ന് മടങ്ങിവന്ന് ഒരു താഴ്‌വരയിലോ ഉയർന്നുനിൽക്കുന്ന സ്ഥലത്തോ എത്തുമ്പോൾ മൂന്ന് തവണ **അല്ലാഹു അക്ബർ** എന്ന് പറയുമായിരുന്നു. അതിനുശേഷം അവിടുന്ന് ഇപ്രകാരം പ്രാർത്ഥിക്കും:

لَا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ، لَهُ الْمُلْكُ وَلَهُ
الْحَمْدُ وَهُوَ عَلٰى كُلِّ شَیْءٍ قَدِيْرٌ۔ اٰئِبُوْنَ تَائِبُوْن
عَابِدُوْنَ سَاجِدُوْنَ لِرَبِّنَا حَامِدُوْنَ صَدَقَ اللّٰهُ وَعْدَهٗ
وَنَصَرَ عَبْدَهٗ وَهَزَمَ الْاَحْزَابَ وَحْدَهٗ۔

അല്ലാഹുവല്ലാതെ ആരാധനയ്ക്ക് അർഹനായ മറ്റാരും ഇല്ല; അവന് പങ്കാളികളില്ല. സർവാധിപത്യവും അവനുള്ളതാണ്, സർവ്വസ്തുതിയും അവനുള്ളതാണ്, അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. ഞങ്ങൾ ഞങ്ങളുടെ യാത്രയിൽ നിന്ന് മടങ്ങിവരുന്നു, ഞങ്ങളുടെ വീഴ്ചകൾ ഏറ്റുപറയുകയും ഞങ്ങളുടെ തെറ്റുകൾ ആവർത്തിക്കില്ലെന്ന് ദൃഢ പ്രതിജ്ഞ എടുക്കുകയും ചെയ്യുന്നു. ഞങ്ങൾ ഞങ്ങളുടെ റബ്ബിനെ മാത്രം ആരാധിക്കുന്നു, ഞങ്ങളുടെ റബ്ബിന് മാത്രം സുജൂദ് ചെയ്യുന്നു, ഞങ്ങളുടെ റബ്ബിനെ മാത്രം സ്തുതിക്കുന്നു. അല്ലാഹു താൻ നൽകിയ വാഗ്ദാനം തീർച്ചയായും നിറവേറ്റിയിരിക്കുന്നു, തന്റെ ദാസനെ സഹായിച്ചിരിക്കുന്നു, എല്ലാ എതിർ സഖ്യസൈന്യങ്ങളെയും അവൻ താൻ തന്നെ പരാജയപ്പെടുത്തിയിരിക്കുന്നു.

*(സ്വഹീഹ് അൽ ബുഖാരി, കിതാബുൽ ജിഹാദി വസ്സൈർ, ഹദീസ് 2995, വാല്യം 5, നളറാത്ത് ഇശാഅത്ത്, പേജ് 341,342)*

ബദർ യുദ്ധദിവസം, വധിക്കപ്പെട്ട അവിശ്വാസികളെ യുദ്ധക്കളത്തിലെ കുഴികളിലേക്കും കിണറുകളിലേക്കും ഇടുകയുണ്ടാ യി. അപ്പോൾ തിരുനബി (സ) പറഞ്ഞു:

**അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും, അവൻ അബൂജഹ്‌ലിനെ നിന്ദിക്കുകയും നശിപ്പിക്കുകയും നമ്മെ അവനിൽ നിന്ന് മോചിപ്പിക്കുകയും ചെയ്തിരിക്കുന്നു.**

കൊല്ലപ്പെട്ട എല്ലാവരെയും കിണറ്റിൽ ഇട്ടതിനു ശേഷം, തിരുനബി (സ) അതിന് ചുറ്റും നടന്നു. കുഴിയിൽ കിടക്കുന്ന മൃതദേഹങ്ങൾ ഓരോരുത്തരെയായി ഹദ്റത്ത് അബൂബക്കർ (റ) തിരുനബിക്ക് പേരെടുത്ത് പരിചയപ്പെടുത്തിക്കൊടുത്തു. തിരുനബി(സ) അല്ലാഹുവിനെ മഹത്വപ്പെടുത്തിയും നന്ദി പ്രകടിപ്പി ക്കുകയും ചെയ്തുകൊണ്ട് ആവർത്തിച്ചു പറഞ്ഞു:

**എനിക്ക് നൽകിയ വാഗ്ദാനം നിറവേറ്റിത്തന്ന അല്ലാഹുവിനാ**

**കുന്നു സർവ്വസ്തുതിയും.**

*(കിതാബുൽ മഗാസി, വാഖിദി, വാല്യം 1, ദാറുൽ അഅ്ലാമി, ബെയ്റൂട്ട്, 1989, പേജ് 111,112)*

**തന്റെ ഏറ്റവും കടുത്ത എതിരാളിയുടെ അന്ത്യം കണ്ടപ്പോൾ തിരുനബി (സ) പ്രതികരിച്ചത് ഇങ്ങനെയൊക്കെയായിരുന്നു.**

**അവിടുന്ന് ബാഹ്യമായ ആഹ്ലാദമോ വിജയഭാവമോ പ്രകടിപ്പിച്ചില്ല. പകരം, സർവ്വശക്തനായ അല്ലാഹുവിന് മുന്നിൽ വിനയത്തോടെ കുമ്പിടുകയും അവന് മാത്രം സ്തുതിയും നന്ദിയും അർപ്പിക്കുകയും ചെയ്തു.**

ഈ സംഭവവുമായി ബന്ധപ്പെട്ട് കൂടുതൽ നിവേദനങ്ങളുണ്ട്. ഒരു നിവേദനത്തിൽ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ് (റ) നിവേദനം ചെയ്യുന്നു:

ബദർ യുദ്ധദിവസം ഞാൻ തിരുനബി (സ)യുടെ അടുക്കൽ ചെന്ന് പറഞ്ഞു: ഞാൻ അബൂജഹലിനെ വധിച്ചിരിക്കുന്നു.

തിരുനബി (സ) ചോദിച്ചു: ആരാധനയ്ക്ക് അർഹനായ മറ്റാരും ഇല്ലാത്ത ആ അല്ലാഹുവിനെക്കൊണ്ട് നീ സത്യം ചെയ്തു പറയുന്നുവോ?

ഞാൻ മറുപടി പറഞ്ഞു: അതെ, ആരാധാനയ്ക്ക് അർഹനായ മറ്റാരും ഇല്ലാത്ത ആ അല്ലാഹുവിനെക്കൊണ്ട് ഞാൻ സത്യം ചെയ്യുന്നു, ഞാൻ അവനെ വധിച്ചിരിക്കുന്നു.

എന്റെ പക്കൽ നിന്ന് ഉറപ്പുവരുത്താനായി തിരുനബി (സ) ഈ ചോദ്യം മൂന്ന് തവണ ആവർത്തിച്ചു. തുടർന്ന് അവിടുന്ന് പ്രഖ്യാപിച്ചു:

**അല്ലാഹു അക്ബർ. തന്റെ വാഗ്ദാനം നിറവേറ്റുകയും തന്റെ ദാസന് സഹായം നൽകുകയും ശത്രുക്കളെയെല്ലാം താൻ തന്നെ പരാജയപ്പെടുത്തുകയും ചെയ്ത അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും.**

തുടർന്ന് അവിടുന്ന് പറഞ്ഞു: വരൂ, അയാളുടെ ശരീരം എനിക്ക് കാണിച്ചുതരൂ. അങ്ങനെ ഞങ്ങൾ ഒരുമിച്ച് പുറപ്പെട്ടു. തിരുനബി (സ) ആ ശരീരം കണ്ടപ്പോൾ പറഞ്ഞു:

ഇത് ഈ ഉമ്മത്തിന്റെ ഫിർഔനാണ്.

മറ്റൊരു ഹദീസിൽ, അബൂജഹൽ വധിക്കപ്പെട്ടുവെന്ന സന്തോഷ വാർത്ത തിരുനബിക്ക് ലഭിച്ചപ്പോൾ, അല്ലാഹുവിനോടുള്ള നന്ദി സൂചകമായി അവിടുന്ന് രണ്ട് റക്അത്ത് നമസ്കാരം നിർവ്വഹിച്ചതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിശദാംശങ്ങൾ ഒരു നിവേദനത്തിൽ പരാമർശിക്കപ്പെട്ടിട്ടുണ്ട്. അബു ഇസ്ഹാഖ് നിവേദനം ചെയ്യുന്നു:

ബദർ യുദ്ധദിവസം, അബൂജഹൽ വധിക്കപ്പെട്ടുവെന്ന സന്തോഷ വാർത്തയുമായി ഒരാൾ തിരുനബി (സ)യുടെ അടുക്കൽ വന്നപ്പോൾ, ആരാധാനയ്ക്ക് അർഹനായ മറ്റാരും ഇല്ലാത്ത ആ അല്ലാഹുവിനെക്കൊണ്ട് സത്യം ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് തിരുനബി (സ) അദ്ദേഹത്തോട് മൂന്ന് തവണ ചോദിച്ചു:

അവൻ വധിക്കപ്പെട്ടത് നീ നേരിട്ട് കണ്ടുവെന്ന് നീ സാക്ഷ്യപ്പെടുത്തുന്നുവോ?

ആഗതൻ തിരുനബിക്ക് മുന്നിൽ സത്യം ചെയ്തുകൊണ്ട് ഇത് സ്ഥിരീകരിച്ചു. തുടർന്ന് തിരുനബി (സ) അല്ലാഹുവിനു മുന്നിൽ സുജൂദിൽ വീണു.

ആ അവസരത്തിൽ തിരുനബി (സ) ഒന്നിൽ കൂടുതൽ സുജൂദുകൾ ചെയ്തു എന്ന് ചില നിവേദനങ്ങളിൽ കൂടുതൽ വ്യക്തമാക്കുന്നുണ്ട്.

*(ദലാഇലുന്നുബുവ്വ, ഇമാം അൽബൈഹഖി, വാല്യം 3, ദാറുൽ കുതുബ് അൽഇൽമിയ്യ, ബെയ്റൂട്ട്, 2002, പേജ് 89; താരീഖുൽ ഖമീസ്, വാല്യം 2, ദാറുൽ കുതുബ് അൽഇൽമിയ്യ, 2009, പേജ് 119; മുസ്നദ് അൽഇമാം അഹ്മദ് ബിൻ ഹൻബൽ, മുസ്നദ് അബ്ദുല്ലാഹ് ബിൻ മസ്ഊദ്, ഹദീസ് 4247, വാല്യം 2, ആലം അൽ കുതുബ്, 1998, പേജ് 166; സുനൻ ഇബ്നു മാജ, കിതാബ് ഇഖാമത്തി അസ്സ്വലാത്, ഹദീസ് 1391)*

**മക്ക വിജയവേളയിലും തിരുനബി (സ) നന്ദി പ്രകടിപ്പിച്ചതുമായി ബന്ധപ്പെട്ട നിവേദനങ്ങളും കാണാൻ കഴിയുന്നുണ്ട്.** ഇതുമായി ബന്ധപ്പെട്ട്, മക്ക വിജയദിവസം തിരുനബി (സ) കഅ്ബയുടെ പടികളിൽ നിന്നുകൊണ്ട്, ആദ്യം സർവ്വശക്തനായ അല്ലാഹുവിനെ സ്തുതിക്കുകയും മഹത്വപ്പെടുത്തുകയും ചെയ്ത ശേഷം ഇപ്രകാരം പ്രഖ്യാപിച്ചു എന്ന് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ (റ) നിവേദനം ചെയ്യുന്നു:

اَلْحَمْدُ لِلّٰهِ الَّذِیْ صَدَقَ وَعْدَهٗ وَنَصَرَ عَبْدَهٗ وَهَزَمَ الْاَحْزَابَ وَحْدَهٗ

**തന്റെ വാഗ്ദാനം നിറവേറ്റുകയും തന്റെ ദാസന് വിജയം നൽകുകയും ശത്രുസൈന്യങ്ങളെല്ലാം ഒറ്റയ്ക്ക് പരാജയപ്പെടുത്തുകയും ചെയ്ത അല്ലാഹുവിനത്രെ സർവ്വസ്തുതിയും.**

*(സുനൻ അന്നസാഈ, കിതാബുൽ ഖിസാമ:, ഹദീസ് 4803)*

സ്വഹീഹ് ബുഖാരിയിൽ രേഖപ്പെടുത്തിയ മറ്റൊരു നിവേദനം ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ അബി ലൈല (റ) നിവേദനം ചെയ്യുന്നു:

ഹദ്റത്ത് ഉമ്മു ഹാനി (റ) ഒഴികെ മറ്റാരും തങ്ങൾ തിരുനബി (സ) ചാഷ്ത് (പൂർവ്വാഹ്നം) നമസ്കാരം നിർവ്വഹിക്കുന്നത് കണ്ടിട്ടുണ്ടെന്ന് ഞങ്ങളോട് അറിയിച്ചിട്ടില്ല.

ചാഷ്ത് നമസ്കാരത്തെക്കുറിച്ചുള്ള നിവേദനങ്ങളിൽ ഹദ്റത്ത് ഉമ്മു ഹാനി (റ)യുടെ നിവേദനം മാത്രമാണുള്ളത്. അവർ നിവേദനം ചെയ്യുന്നു:

മക്ക വിജയദിവസം തിരുനബി (സ) എന്റെ വീട്ടിൽ വരികയുംഅവിടെ അവിടുന്ന് വുളൂഅ് ചെയ്യുകയും തുടർന്ന് എട്ട് റക്അത്ത് നമസ്കാരം നിർവ്വഹിക്കുകയും ചെയ്തു. അതിനേക്കാൾ ലളിതമായ ഒരു നമസ്കാരം അവിടുന്ന് നിർവ്വഹിക്കുന്നത് ഞാൻ ഒരിക്കലും കണ്ടിട്ടില്ല; (അത് താരതമ്യേന ലഘുവായതായിരുന്നു, എങ്കിലും എട്ട് റക്അത്തുകൾ അടങ്ങിയതായിരുന്നു) അവിടുന്ന് റുകൂഉം സുജൂദും പൂർണ്ണ ശാന്തതയോടെയാണ് നിർവ്വഹിച്ചത്.

*(സ്വഹീഹ് അൽ ബുഖാരി, കിതാബ് തഹജ്ജുദ്, ഹദീസ് 1176)*

തിരുനബി (സ)വേഗത്തിൽ നമസ്കാരം നിർവഹിച്ചു തീർക്കുന്ന സ്വഭാവക്കാരനായിരുന്നില്ല. എന്നിരുന്നാലും, തിരുനബി (സ)യുടെ ***ലഘുവായ*** ഒരു നമസ്കാരം പോലും, ദൈർഘ്യത്തിലും ഭക്തിയിലും പലരുടെയും ദീർഘമായ നമസ്കാരങ്ങളോട് തുലനം ചെയ്യാവുന്ന ഒന്നായിരുന്നു.

തിരുനബി (സ)യുടെ ഒരു ജീവചരിത്രകാരൻ ഈ സംഭവം താഴെ പറയുന്ന ഉപശീർഷകത്തിന് കീഴിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്:

**അന്ന് അല്ലാഹു തനിക്ക് നൽകിയ അനുഗ്രഹങ്ങൾക്ക് നന്ദി സൂചകമായി തിരുനബി (സ) എട്ട് റക്അത്ത് നമസ്കാരം നിർവഹിച്ചു.**

*(ദലാഇലുന്നുബുവ്വ, ഇമാം അൽബൈഹഖി, വാല്യം 5, ദാറുൽ കുതുബ് അൽഇൽമിയ്യ, പേജ് 80)*

ഹദ്റത്ത് അബുഹുറയ്റ (റ) നിവേദനം ചെയ്യുന്നു; തിരുനബി (സ) മക്കയിൽ പ്രവേശിച്ചപ്പോൾ ആളുകൾ നബി(സ)നെ കാണാൻ തടിച്ചുകൂടി. അല്ലാഹുവിനോടുള്ള അഗാധമായ വിനയവും അടങ്ങാത്ത കൃതജ്ഞതയും കാരണം, അവിടുത്തെ ശിരസ്സ് സവാരി ചെയ്ത മൃഗത്തിന്റെ കടിഞ്ഞാണിൽ തൊടുവോളം വളരെ താഴ്ന്നിരുന്നു. അവിടുന്ന് ജനങ്ങൾക്കിടയിലായിരുന്നു. ഇപ്രകാരം പ്രാർത്ഥിച്ചു:

اَللّٰهُمَّ اِنَّ الْعَيْشَ عَيْشُ الْاٰخِرَةِ

**അല്ലാഹുവേ, തീർച്ചയായും യഥാർത്ഥ ജീവിതം പരലോക ജീവിതമാകുന്നു.**

*(സുബുൽ അൽഹുദാ, വാല്യം 5, ദാറുൽ കുതുബ് അൽഇൽമിയ്യ, പേജ് 226)*

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

**'അല്ലാഹുവിന്റെ പ്രത്യേക ദാസന്മാർക്ക് നൽകപ്പെടുന്ന ഔന്നത്യത്തിന്റെ സവിശേഷത വിനയമാണ്; എന്നാൽ സാത്താന്റെ ഔന്നത്യത്തോടൊപ്പം അഹങ്കാരവും ഉണ്ടായിരിക്കും;** അതായത്, അതിൽ പൊങ്ങച്ചം അടങ്ങിയിരിക്കുന്നു. നമ്മുടെ പ്രിയ പ്രവാചകൻ, അല്ലാഹുവിന്റെ സമാധാനവും അനുഗ്രഹങ്ങളും അവിടുത്തെ മേൽ ഉണ്ടാകട്ടെ, മക്കാ വിജയവേളയിൽ കഷ്ടപ്പാടുകളുടെയും പരീക്ഷണങ്ങളുടെയും കാലഘട്ടത്തിൽ അതേ മക്കയിൽ വെച്ച് തനിക്ക് എല്ലാവിധ എതിർപ്പുകളും പീഡനങ്ങളും നേരിടേണ്ടി വന്നപ്പോൾ എങ്ങനെയാണോ റുകൂഉം സുജൂദും ചെയ്തിരുന്നത്, അതേ രീതിയിൽ തന്നെ തന്റെ തല താഴ്ത്തുകയും സുജൂദ് ചെയ്യുകയും ചെയ്തത് എങ്ങനെയെന്ന് നോക്കൂ. താൻ ആ നഗരത്തിൽ നിന്ന് പുറത്തുപോയ സാഹചര്യവും, ഇപ്പോൾ തിരികെ വന്ന സാഹചര്യവും അവിടുന്ന് ഓർമ്മിച്ചപ്പോൾ, അല്ലാഹുവിനോടുള്ള നന്ദികൊണ്ട് ഹൃദയം നിറഞ്ഞുതുളുമ്പുകയും അവിടുന്ന് സുജൂദിൽ വീഴുകയും ചെയ്തു.'

**• ഹദീഥുന്നബ്വി ﷺ •**



**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
(ബുഖാരി 23:77)

ത്വാലിബെ ദുആ

**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091

**• ഹദീഥുന്നബ്വി ﷺ •**

**"ഊസ്വീക്കും ബിൽജാരി."**
**അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്**
**ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.**

ത്വാലിബെ ദുആ

**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

*(മൽഫൂസാത്ത് വാല്യം 3, അടിക്കുറിപ്പ്, പേജ് 260),*

കൃതജ്ഞതയുടെ ഈ അതേ ആത്മാവ് പ്രകടമാക്കുന്ന തിരുനബി (സ)യുടെ ഒരു പ്രാർത്ഥന സ്വഹീഹ് മുസ്‌ലിമിലും രേഖപ്പെടുത്തിയിട്ടുണ്ട്. വിടവാങ്ങൽ ഹജ്ജ് വേളയിൽ, സഫായ്ക്കും മർവ്വയ്ക്കും ഇടയിൽ സഈ അതായത് ഓടുന്നതിന്തിരുനബി (സ) ഉദ്ദേശിച്ചപ്പോൾ, അവിടുന്ന് സഫായിൽ നിന്നാണ് ആരംഭിച്ചത്. കഅ്ബ ദൃശ്യമാകുന്നതുവരെ അവിടുന്ന് മലമുകളിലേക്ക് കയറി. ഖിബ്‌ലയ്ക്ക് അഭിമുഖമായി നിന്ന്, അവിടുന്ന് അല്ലാഹുവിന്റെ ഏകത്വം പ്രഖ്യാപിക്കുകയും അവന്റെ മഹത്വം കീർത്തിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു:

അല്ലാഹുവല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരും ഇല്ല. അവൻ ഏകനാണ്, അവന് പങ്കാളികളില്ല. സർവ്വ രാജാധിപത്യവും അവനുള്ളതാണ്, സർവ്വസ്തുതിയും അവനുള്ളതാണ്. അവൻ എല്ലാറ്റിനും കഴിവുള്ളവനാണ്. അല്ലാഹുവല്ലാതെ ആരാധനയ്ക്ക് അർഹനായി മറ്റാരും ഇല്ല, അവൻ ഏകനാണ്. അവൻ തന്റെ വാഗ്ദാനം നിറവേറ്റിയിരിക്കുന്നു, തന്റെ ദാസന് സഹായം നൽകിയിരിക്കുന്നു, ശത്രു സൈന്യങ്ങളെല്ലാം താൻ തന്നെ പരാജയപ്പെടുത്തിയിരിക്കുന്നു.

രണ്ട് മലകൾക്കിടയിലുള്ള മധ്യഭാഗത്തായിരുന്നപ്പോൾ അവിടുന്ന് ഇത് മൂന്ന് തവണ ആവർത്തിച്ചു.

*(സ്വഹീഹ് മുസ്‌ലിം, (വിവർത്തനം), കിതാബുൽ ഹജ്ജ്, ഹദീസ് 2123, വാല്യം 6, നൂർ ഫൗണ്ടേഷൻ, പേജ് 118)*

യമനിലെ ഹംദാൻ ഗോത്രക്കാർ ഇസ്‌ലാം മതം സ്വീകരിച്ച വിവരം അറിയിച്ചുകൊണ്ട് ഹദ്റത്ത് അലി (റ) ഒരു സന്ദേശം അയച്ചതുമായി ബന്ധപ്പെട്ട മറ്റൊരു നിവേദനവുമുണ്ട്.

ഹിജ്റ പത്താം വർഷം, തിരുനബി (സ) ഹദ്റത്ത് അലി (റ) യെ യമനിലേക്ക് അയച്ചതായി ഹദ്റത്ത് അൽബറാഅ് ബിൻ ആസിബ് (റ) നിവേദനം ചെയ്യുന്നു. തുടർന്ന് ഹംദാൻ ഗോത്രക്കാർ മുഴുവനും ഇസ്‌ലാം മതം സ്വീകരിച്ചു. ഹദ്റത്ത് അലി (റ) അവർ ഇസ്‌ലാം സ്വീകരിച്ച സന്തോഷവാർത്ത ഒരു കത്തിലൂടെ തിരുനബിക്ക് എത്തിച്ചുകൊടുത്തു.

തിരുനബി (സ) ആ കത്ത് വായിച്ചയുടൻ, നന്ദി സൂചകമായി അല്ലാഹുവിനു മുന്നിൽ സുജൂദിൽ വീഴുകയും ഇപ്രകാരം പ്രാർഥിക്കുകയും ചെയ്തു:

ഹംദാനു മേൽ സമാധാനമുണ്ടാകട്ടെ! ഹംദാനു മേൽ സമാധാനമുണ്ടാകട്ടെ!

അവിടുന്ന് ഈ വാക്കുകൾ രണ്ടുതവണ ആവർത്തിച്ചു.

*(ശറഹു അൽസർഖാനി, വാല്യം 4, ദാറുൽ കുതുബ് അൽഇൽമിയ്യ, ബെയ്റൂട്ട്, പേജ് 140; സുബുൽ അൽഹുദാ വ അൽ റിശാദ്, വാല്യം 8, ദാറുൽ കുതുബ് അൽ ഇൽമിയ്യ, ബെയ്റൂട്ട്, പേജ് 205)*

തിരുനബി (സ)യുടെ സുജൂദെശുക്ർ (നന്ദി സൂചകമായ സുജൂദുകൾ) സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ താഴെ പറയുന്ന രീതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു:

ഹദ്റത്ത് അബൂബക്കർ (റ) നിവേദനം ചെയ്യുന്നു; **തനിക്ക് സന്തോഷം നൽകുന്നതോ അല്ലെങ്കിൽ മനസ്സിന് ആനന്ദത്തിന് കാരണമാകുന്നതോ ആയ എന്തെങ്കിലും കാര്യം തിരുനബി (സ) യുടെ മുന്നിൽ വരുമ്പോഴെല്ലാം, അനുഗ്രഹദാതാവും ഉന്നതനുമായ അല്ലാഹുവിനോടുള്ള നന്ദി പ്രകടിപ്പിച്ചുകൊണ്ട് അവിടുന്ന് സുജൂദിൽ ചെയ്യുമായിരുന്നു.**

*(സുനൻ ഇബ്നു മാജ, കിതാബ് ഇഖാമത്തിസ്സലാത്, ഹദീസ് 1394)*

അതുപോലെ, ഹദ്റത്ത് അനസ് ബിൻ മാലിക് (റ) നിവേദനം ചെയ്യുന്നു: **ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ചുള്ള സന്തോഷവാർത്ത തിരുനബിക്ക് അറിയിക്കപ്പെടുമ്പോൾ, അവിടുന്ന് നന്ദി സൂചകമായി സുജൂദ് ചെയ്തിരുന്നു.**

*(സുനൻ ഇബ്നു മാജ, കിതാബ് ഇഖാമത്തി അസ്സ്വലാത്, ഹദീസ് 1392)*

തിരുനബി (സ)യുടെ മേൽ സ്വലാത്ത് ചൊല്ലുന്നതുമായി ബന്ധപ്പെട്ട് അല്ലാഹു വിശ്വാസികൾക്ക് നൽകിയ സന്തോഷവാർത്തയും, അതിനായി തിരുനബി (സ) നന്ദി പ്രകടിപ്പിച്ച രീതിയും ഒരു നിവേദനത്തിൽ താഴെ പറയുന്നപ്രകാരം പരാമർശിക്കപ്പെട്ടിരിക്കുന്നു. ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ ഔഫ് (റ) നിവേദനം ചെയ്യുന്നു:

തിരുനബി (സ) പുറത്തുവന്ന് താൻ ദാനം നൽകിയിരുന്ന സ്ഥലത്തേക്ക് നീങ്ങി. തുടർന്ന് അവിടുന്ന് അകത്തേക്ക് പോയി, ഖിബ്‌ലയിലേക്ക് തിരിഞ്ഞ് സുജൂദ് ചെയ്തു. എത്രത്തോളമെന്നാൽ, ഈ അവസ്ഥയിൽ അല്ലാഹു അവിടുത്തെ ആത്മാവിനെ പിടിച്ചിട്ടുണ്ടാകുമെന്ന് എനിക്ക് തോന്നി. അത്രമാത്രം അവിടുന്ന് ആ സുജൂദ് നീട്ടുകയുണ്ടായി. അങ്ങനെ ഞാൻ നബി(സ)ന്റെ അടുത്തേക്ക് ചെന്ന് അരികിൽ ഇരുന്നു. അവിടുന്ന് തലയുയർത്തി ചോദിച്ചു: ഇത് ആരാണ്?ഭ ഞാൻ മറുപടി പറഞ്ഞു: അബ്ദുറഹ്മാൻ. അവിടുന്ന് ചോദിച്ചു: എന്താണ് കാര്യം? ഞാൻ പറഞ്ഞു: ഭഅല്ലാഹുവിന്റെ ദൂതരേ, അങ്ങ് സുജൂദ് വളരെ നീട്ടിക്കൊണ്ടുപോയതുകൊണ്ട്, ഈ അവസ്ഥയിൽ അല്ലാഹു അങ്ങയുടെ ആത്മാവിനെ പിടിച്ചിട്ടുണ്ടാകുമെന്ന് ഞാൻ ഭയപ്പെട്ടുപോയി, അതായത് അങ്ങ് വഫാത്തായിപ്പോയോ എന്ന് ഞാൻ ഭയപ്പെട്ടു. അപ്പോൾ തിരുനബി (സ) പറഞ്ഞു: ജിബ്രീൽ എന്റെ അടുക്കൽ വന്ന് എനിക്ക് ഈ സന്തോഷവാർത്ത അറിയിച്ചു: **അല്ലാഹു പറയുന്നു: ആരെങ്കിലും താങ്കളുടെ മേൽ സ്വലാത്ത് ചൊല്ലിയാൽ, ഞാൻ അവനു മേൽ എന്റെ കാരുണ്യം വർഷിക്കും, ആരെങ്കിലും താങ്കളുടെ മേൽ സലാം ചൊല്ലിയാൽ, ഞാൻ അവനു മേൽ എന്റെ സലാമുകൾ വർഷിക്കും. അതിനാൽ, ഞാൻ സർവ്വശക്തനും മഹാനുമായ അല്ലാഹുവിനോടുള്ള കൃതജ്ഞതയാൽ സുജൂദ് ചെയ്തു.**

*(മുസ്നദ് അഹ്മദ് ബിൻ ഹൻബൽ, മുസ്നദ് അബ്ദുറഹ്മാൻ ബിൻ ഔഫ്, വാല്യം 1, ഹദീസ് 1664, ആലമുൽകുതുബ്, 1998, പേജ് 512,513)*

അങ്ങനെ, ഈ നീണ്ട സുജൂദ് കൃതജ്ഞത പ്രകടിപ്പിച്ചു കൊണ്ടുള്ളതായിരുന്നു, അതുകൊണ്ടാണ് അത് അത്രയധികം നീണ്ടുപോയത്.

ഹദ്റത്ത് അബൂബക്കർ (റ) നിവേദനം ചെയ്യുന്നു; തന്റെ സൈന്യത്തിന് ശത്രുക്കൾക്കമേൽ വിജയം ലഭിച്ചുവെന്ന സന്തോഷവാർത്ത അറിയിക്കാൻ ഒരാൾ വന്നപ്പോൾ, ആ സമയത്ത് തിരുനബി (സ) ഹദ്റത്ത് ആയിശ (റ)യുടെ മടിയിൽ ശിരസ് വെച്ച് വിശ്രമിക്കുകയായിരുന്നു. ആ വാർത്ത കേട്ട ഉടൻ, തിരുനബി (സ) എഴുന്നേറ്റ് സുജൂദ് ചെയ്യുകയുണ്ടായി.

*(സുബുലുൽഹുദാ വ റിശാദ്, വാല്യം 8, ദാറുൽ കുതുബ് അൽഇൽമിയ്യ, ബെയ്റൂട്ട്, പേജ് 205)*

മറ്റൊരു നിവേദനത്തിൽ, അമർ ബിൻ ശുഐബ് തന്റെ പിതാവിൽ നിന്നും, അദ്ദേഹം തന്റെ പിതാവിൽ നിന്നും നിവേദനം ചെയ്യുന്നു; നബി (സ) ഇങ്ങനെ പറയുന്നതായി അദ്ദേഹം കേട്ടു:

രണ്ട് ഗുണങ്ങൾ ഏതെങ്കിലും ഒരാളിൽ ഉണ്ടെങ്കിൽ, സർവ്വശക്തനായ അല്ലാഹു അയാളെ ക്ഷമാശീലരുടെയും നന്ദിയുള്ളവരുടെയും കൂട്ടത്തിൽ രേഖപ്പെടുത്തുന്നു. ഈ രണ്ട് ഗുണങ്ങളും ഇല്ലെങ്കിൽ, അല്ലാഹു അയാളെ ക്ഷമാശീലനായോ നന്ദിയുള്ളവനായോ രേഖപ്പെടുത്തുകയുമില്ല. ആദ്യത്തെ കാര്യം, ധാർമിക കാര്യങ്ങളിൽ ഒരാൾ തന്നേക്കാൾ ഉന്നതനായ ഒരാളെ നോക്കുകയും അദ്ദേഹത്തിന്റെ മാതൃക പിന്തുടരാൻ പരിശ്രമിക്കുകയും ചെയ്യണം. അതായത്, ദീനീപരമായ കാര്യങ്ങളിൽ തന്നേക്കാൾ മികച്ചവരായിട്ടുള്ളവരിലേക്ക് നോക്കുകയും അവരുടെ മാതൃക അനുകരിക്കാൻ ശ്രമിക്കുകയും വേണം. അങ്ങനെയുള്ള വ്യക്തി ക്ഷമാശീലനും നന്ദിയുള്ളവനുമായി കണക്കാക്കപ്പെടും. രണ്ടാമത്തെ കാര്യം, ഭൗതികമായ കാര്യങ്ങളിൽ, തന്നേക്കാൾ താഴെയുള്ള ഒരാളെ നോക്കുകയും, തുടർന്ന് ആ വ്യക്തിയേക്കാൾ തനിക്ക് മുൻഗണന നൽകിയ അല്ലാഹുവിന്റെ ഔദാര്യത്തിന് അവനെ സ്തുതിക്കുകയും ചെയ്യുക എന്നതാണ്. **സർവ്വശക്തനായ അല്ലാഹു അങ്ങനെയുള്ള വ്യക്തിയെ ക്ഷമാശീലരുടെയും നന്ദിയുള്ളവരുടെയും കൂട്ടത്തിൽ രേഖപ്പെടുത്തുന്നു.** എന്നാൽ, ദീനീപരമായ കാര്യങ്ങളിൽ തന്നേക്കാൾ താഴെയുള്ളവനിലേക്കും ഭൗതിക കാര്യങ്ങളിൽ തന്നേക്കാൾ മുകളിലുള്ളവനിലേക്കും നോക്കുകയും, തനിക്ക് നൽകപ്പെടാത്ത കാര്യങ്ങളെക്കുറിച്ച് ദു:ഖിക്കുകയും ചെയ്യുന്നവൻ ആരാണോ, അവനെ ക്ഷമാശീലനായോ നന്ദിയുള്ളവനായോ അല്ലാഹു ഗണിക്കുകയില്ല.

*(കിതാബുൽ ശുക്ർ, ഇബ്നു അബി അദ്ദുൻയാ, മക്തബത്തു തുറാഥിൽ ഇസ്‌ലാമി, 1994, പേജ് 60)*

അതുപോലെ, ഹദ്റത്ത് അബുഹുറയ്റ (റ) നിവേദനം ചെയ്യുന്നു; നബി (സ) പറഞ്ഞു:

**നിങ്ങളേക്കാൾ താഴെയുള്ളവരിലേക്ക് നോക്കുക, നിങ്ങളേക്കാൾ മുകളിലുള്ളവരിലേക്ക് നോക്കാതിരിക്കുക. അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ നിസ്സാരമായി കാണുന്നതിൽ നിന്ന് നിങ്ങളെ തടയാൻ ഇത് ഏറ്റവും അനുയോജ്യമായ മാർഗ്ഗമാണ്.**

*(സ്വഹീഹ് മുസ്‌ലിം, വിവർത്തനം, കിതാബുസ്സുഹ്ദി വ അർരിഖാഖ്, ഹദീസ് 5250, വാല്യം 15, നൂർ ഫൗണ്ടേഷൻ, പേജ് 159)*

**അതായത്, ഭൗതിക കാര്യങ്ങളിൽ കുറഞ്ഞ സൗകര്യങ്ങൾ ഉള്ളവരിലേക്ക് നോക്കുകയും, അല്ലാഹു തനിക്ക് എത്രയധികം അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ടെന്ന് ഓർത്ത് അവന് നന്ദി പ്രകടിപ്പിക്കുകയും വേണം.**

ഹദ്റത്ത് ഇബ്നു അബ്ബാസ് (റ) നിവേദനം ചെയ്യുന്നു; നബി (സ) പറഞ്ഞു:

**നാല് കാര്യങ്ങൾ ആർക്കെങ്കിലും നൽകപ്പെട്ടിട്ടുണ്ടെങ്കിൽ, ഇഹലോകത്തിന്റെയും പരലോകത്തിന്റെയും നന്മ തീർച്ചയായും അവന്**

## • ഹദീഥുന്നബവി ﷺ •

**"അൽഅഅ്മാലു ബിൽ ഖവാതീമി"**

**കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.**

ത്വാലിബെ ദുആ
RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

**നൽകപ്പെട്ടിരിക്കുന്നു:** നന്ദിയുള്ള ഒരു ഹൃദയം; അല്ലാഹുവിന്റെ സ്മരണയിൽ മുഴുകിയ ഒരു നാവ്; പരീക്ഷണ വേളകളിൽ ക്ഷമയോടെ ഉറച്ചുനിൽക്കുന്ന ഒരു ശരീരം; തന്റെയും ഭർത്താവിന്റെ അഭിമാനത്തിലും പവിത്രതയിലും കളങ്കം വരാതെ കാത്തുസൂക്ഷിക്കുന്ന വിശ്വസ്തയായ ഭാര്യ.

ഈ നാല് ഗുണങ്ങളും നൽകപ്പെട്ടാൽ, യഥാർത്ഥ നന്മ തീർച്ചയായും നൽകപ്പെട്ടിരിക്കുന്നു.

*(കിതാബുൽ ശുക്ർ, ഇബ്നു അബി അദ്ദുൻയാ, മക്തബത്തു തുറാഥിൽ ഇസ്‌ലാമി, 1994, പേജ് 17)*

ഹദ്റത്ത് അബുഹുറയ്റ (റ) നിവേദനം ചെയ്യുന്നു; നബി (സ) പറഞ്ഞു:

**അല്ലയോ അബൂഹുറയ്റ, സൂക്ഷ്മതപാലിക്കുക, എങ്കിൽ ജനങ്ങളിൽ വെച്ച് ഏറ്റവും വലിയ ആരാധനകനായി നിങ്ങൾ മാറും. അല്ലാഹു നിങ്ങൾക്ക് നൽകിയതിൽ തൃപ്തിപ്പെടുക, എങ്കിൽ ജനങ്ങളിൽ വെച്ച് ഏറ്റവും നന്ദിയുള്ളവരായി നിങ്ങൾ മാറും.**

അങ്ങനെ, സംതൃപ്തിയും മനുഷ്യനെ നന്ദി പ്രകടിപ്പിക്കുന്നതിലേക്ക് നയിക്കുന്നു.

അവിടുന്ന് കൂടുതൽ പറഞ്ഞു:

നിങ്ങൾ നിങ്ങൾക്കായി ഇഷ്ടപ്പെടുന്നത് നിങ്ങളുടെ സഹോദരന്മാർക്കു വേണ്ടിയും ഇഷ്ടപ്പെടുക, എങ്കിൽ നിങ്ങൾ യഥാർത്ഥ വിശ്വാസിയായി മാറും. നിങ്ങളുടെ അയൽക്കാരനോട് ദയയോടെ പെരുമാറുക, എങ്കിൽ നിങ്ങൾ യഥാർത്ഥ മുസ്‌ലിമായി മാറും. കുറച്ചു മാത്രം ചിരിക്കുക, കാരണം അധികമായ ചിരി ഹൃദയത്തെ ആത്മീയമായി നിർജീവമാക്കുന്നു.

*(സുനൻ ഇബ്നു മാജ, കിതാബുസ്സുഹ്ദ്, ഹദീസ് 4217)*

അതായത്, **സർവ്വശക്തനായ അല്ലാഹുവിന് മുന്നിൽ താഴ്മ കാണിക്കാൻ കൂടുതൽ താൽപ്പര്യമുള്ളവനായിരിക്കണം, ഒപ്പം പ്രാർത്ഥനകളിൽ നിരന്തരം ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണം. വിനോദങ്ങളിലും അനാവശ്യ ചിരികളിലും മാത്രം മുഴുകി ജീവിക്കാൻ പാടില്ല.**

സർവ്വശക്തനായ അല്ലാഹു തിരുനബി (സ)യുടെ അധ്യാപനങ്ങൾ അതേവിധം പ്രാവർത്തികമാക്കാൻ നമുക്ക് സൗഭാഗ്യം നൽകട്ടെ.

തിരുനബി (സ)യുടെ സ്ഥായിയായ ദൈവസ്മരണയെയും കൃതജ്ഞതയെയും വിവരിച്ചുകൊണ്ട് ഹദ്റത്ത് ആയിശ (റ) നിവേദനം ചെയ്യുന്നു: നബി(സ) എപ്പോഴും ദൈവ സ്മരണയിൽ കഴിച്ചു കൂട്ടിയിരുന്നു.

*(സ്വഹീഹ് മുസ്‌ലിം വിവർത്തനം, കിതാബുൽ ഹൈദ്, ഹദീസ് 550, വാല്യം 2, നൂർ ഫൗണ്ടേഷൻ, പേജ് 126).*

ചുരുക്കത്തിൽ തിരുനബി (സ) തന്റെ ഉമ്മത്തിന് മുന്നിൽ മാതൃകയുടെ ഏറ്റവും ഉയർന്ന മാനദണ്ഡങ്ങൾ സ്ഥാപിച്ചുതരികയും അതിനനുസരിച്ച് നമ്മെ ഉപദേശിക്കുകയും ചെയ്തു. സർവ്വശക്തനായ അല്ലാഹു നമുക്ക് ഇതിനനുസരിച്ച് പ്രവർത്തിക്കാനുള്ള തൗഫീഖ് നൽകട്ടെ.

ഇനി മറ്റൊരു കാര്യം സംക്ഷിപ്തമായി പറയാം, അതായത് ഇൻശാ അല്ലാഹ്, യുകെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ജൽസ സാലാന (വാർഷിക സമ്മേളനം) അടുത്ത വെള്ളിയാഴ്ച ആരംഭിക്കുകയാണ്. സർവ്വശക്തനായ അല്ലാഹു എല്ലാവിധത്തിലും ഇതിൽ ബറക്കത്ത് (അനുഗ്രഹം) നൽകാൻ വേണ്ടി പ്രാർത്ഥിക്കുക. എല്ലാവരെയും തന്റെ സംരക്ഷണത്തിന് കീഴിൽ കാത്തുരക്ഷിക്കുകയും സുരക്ഷിതരായി നിലനിർത്തുകയും ചെയ്യട്ടെ. ചൂട് കാരണം നിലവിലുള്ള കാലാവസ്ഥയുടെ കാഠിന്യവും ചില അപകടസാധ്യതകൾ വരുത്തിവെക്കുന്നുണ്ട്. സർവ്വശക്തനായ അല്ലാഹു എല്ലാവരെയും എല്ലാത്തരം ദോഷഫലങ്ങളിൽ നിന്നും രക്ഷിക്കട്ടെ. അതുപോലെ, കഠിനമായ ചൂടിൽ നിൽക്കേണ്ടിവരുന്നവരും കഠിനമായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുന്നവരുമായ ഡ്യൂട്ടിയിലുള്ള ഖാദിമീംകൾക്ക് തങ്ങളുടെ ചുമതലകൾ ഏറ്റവും മികച്ച രീതിയിൽ നിർവ്വഹിക്കാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. *(വിവ: അബൂ അത്തിയ)*

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ...
ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

പേജ് 2 ൽ നിന്ന്

ഹിന്ദുക്കളും മുസ്‌ലിംകളും ഈ രാജ്യത്തെ രണ്ട് പ്രധാന സമുദായങ്ങളാണ്. ഹിന്ദുക്കൾ എല്ലാവരും ഒത്തുകൂടി മുസ്‌ലീങ്ങളെ ഈ രാജ്യത്തുനിന്ന് പുറത്താക്കുമെന്നോ, അല്ലെങ്കിൽ മുസ്‌ലീങ്ങൾ ഒത്തുകൂടി ഹിന്ദുക്കളെ നാടുകടത്തുമെന്നോ ഉള്ള ചിന്ത തികച്ചും അസാധ്യമാണ്. മറിച്ച്, ഇന്ന് ഹിന്ദുക്കളും മുസ്‌ലീങ്ങളുംപരസ്പരം ഇഴുകിച്ചേർന്നു കഴിയുന്നവരാണ്. ഒരു കൂട്ടർക്ക് ഏതെങ്കിലും തരത്തിലുള്ള ആപത്തുണ്ടായാൽ മറ്റേ കൂട്ടരും അതിൽ പങ്കാളികളാകും. ഏതെങ്കിലും ഒരു ജനവിഭാഗം സ്വന്തം അഹങ്കാരവും ഗർവും കാരണം മറ്റൊരു വിഭാഗത്തെ നിന്ദിക്കാൻ തുനിഞ്ഞാൽ അവർക്കും ആ അപമാനത്തിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ല. അവരിൽ ആരെങ്കിലും അയൽക്കാരന്റെ കാര്യത്തിൽ സഹാനുഭൂതി കാണിക്കുന്നതിൽ വീഴ്ച വരുത്തിയാൽ അതിന്റെ ദോഷം അവർക്കും അനുഭവിക്കേണ്ടി വരും. നിങ്ങളിൽ രണ്ട് സമൂഹങ്ങളിൽ പെട്ട ആരെങ്കിലും മറ്റൊരു സമൂഹത്തിന്റെ നാശത്തിന് ശ്രമിക്കുന്നുവെങ്കിൽ, അതിന്റെ ഉദാഹരണം ഒരു മരച്ചില്ലയിൽ ഇരുന്ന് അതേ ചില്ല വെട്ടിമുറിക്കുന്നവനെപ്പോലെയാണ്.

ലോകത്തിലെ ബുദ്ധിമുട്ടുകളും പരീക്ഷണങ്ങളും കഠിനമായ ചൂടും താപവുമുള്ള സമയത്ത് നടത്തുന്ന ഒരു മരുഭൂമിയിലെ യാത്ര പോലെയാണ്. അതിനാൽ ഈ പ്രയാഭരിത മായ പാതയ്ക്ക്, കത്തുന്ന ഈ തീയെ തണുപ്പിക്കുകയും ദാഹിച്ചുവലയുമ്പോൾ മരണത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്യുന്ന പരസ്പര ഐക്യമെന്ന തണുത്ത വെള്ളം ആവശ്യമുണ്ട്.

ഇത്രയും സുപ്രധാനമായ ഒരു ഘട്ടത്തിൽ, ഇരു വിഭാഗങ്ങൾക്കും സമാധാനം വളരെ ആവശ്യമുള്ള ഈ സമയത്ത്, നമുക്ക് സമാധാനത്തിന്നായി ഒത്തു ചേരാം.

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ സ്ഥാപകന്റെ പ്രഭാഷണത്തിൽ നിന്നുള്ള ഉൾക്കാഴ്ച നിറഞ്ഞ ഈ ഉദ്ധരണികളാണ് ഇന്ന് ഇന്ത്യയിൽ പ്രചരിപ്പിക്കേണ്ടത്. അല്ലാഹു നമുക്കെല്ലാവർക്കും അതിനുള്ള സൗഭാഗ്യം നൽകട്ടെ. ആമീൻ.

പേജ് 12 ൽ നിന്ന്

അദ്ദേഹത്തിന്റെ അറിവിന്റെ ആ വ്യാപ്തി തന്നെയാണ് അദ്ദേഹത്തിന്റെ അഹങ്കാരത്തിന് കാരണമായത് എന്ന് തോന്നുന്നു. ഒരു കാര്യത്തെക്കുറിച്ച് തനിക്ക് അറിയില്ലെന്ന് തുറന്നുപറയുന്നതിന് പകരം, തന്റെ അന്തസ്സ് കൃത്രിമമായി നിലനിർത്താൻ വേണ്ടി അദ്ദേഹം സ്വയം മെനഞ്ഞെടുത്ത വസ്തുതകൾ അവതരിപ്പിക്കുമായിരുന്നു. അദ്ദേഹത്തെക്കുറിച്ച് ഒരു ഗവേഷക പണ്ഡിതൻ വളരെ മികച്ച ഒരു പ്രസ്താവന നടത്തിയിട്ടുണ്ട്: വാഖിദി സത്യസന്ധനാണെങ്കിൽ, അദ്ദേഹത്തെപ്പോലെ മറ്റാരും ഇല്ല; തിരിച്ചദ്ദേഹം ഒരു വ്യാജനാണെങ്കിൽ പോലും, തത്തുല്യനായി വേറെയാളില്ല. *(മീസാനുൽ ഇഅ്തിദാൽ ഫീ നഖ്ദിർ റിജാൽ അല്ലാമാ ദഹബി)*

നിർഭാഗ്യവശാൽ, യൂറോപ്യൻ പണ്ഡിതന്മാർ വാഖിദിയുടെ വാഗ്വൈഭവത്തിലും വിപുലമായ അറിവിലും ആകൃഷ്ടരായിരിക്കുകയാണ്. അദ്ദേഹം സത്യസന്ധനാണോ അതോ വ്യാജനാണോ, ഒരു സൂക്ഷ്മ പരിശോധകനായ ഹദീസ് പണ്ഡിതനെപ്പോലെ അന്വേഷണത്തിന് ശേഷമാണോ അദ്ദേഹം സംസാരിക്കുന്നത്, അതോ വെറുതെ അസംബന്ധങ്ങൾ വിളിച്ചുപറയുകയാണോ ചെയ്യുന്നത് എന്നത് അവരുടെ ചിന്താവിഷയമല്ല. വാഖിദി എന്തും വിശദമായിത്തന്നെയാണ്പറയുന്നത് എന്നതിലും, വായനക്കാരൻ ആ സംഭവസ്ഥലത്ത് നേരിട്ട് ഹാജറാണെന്ന് തോന്നുംവിധം അദ്ദേഹം വാക്കുകളിലൂടെ അത് ചിത്രീകരിക്കുന്നുണ്ട് എന്നതിലുമാണ് യൂറോപ്യൻ എഴുത്തുകാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അദ്ദേഹത്തിന്റെ പ്രസ്താവന ആധികാരികമായ ഹദീസിനോ പ്രാമാണിക നിവേദനത്തിനോ എതിരാണെങ്കിൽപ്പോലും അതൊന്നും അവരെ അലട്ടുന്നില്ല; കാരണം അവരെ സംബന്ധിച്ചിടത്തോളം എല്ലാ ⇨

• ഹദീഥുന്നബ്‌വി ﷺ •

"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.



tectona
feels more confidence
All Types Of Quality Furniture

ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

• ഹദീഥുന്നബ്‌വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA`ATH KARULAI, MALAPPURAM,KERALA.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ)
സീറത്തുൽ മഹ്ദി(അ)
വിവ: എ.നാസിർ

# കുടുംബ പരമ്പര

**ഞങ്ങളുടെ കുടുംബത്തിന്റെ 1865 കാലഘട്ടത്തിലുള്ള വംശാവലി (കുടുംബവൃക്ഷം) താഴെ നൽകുന്നു.**

**ഹദ്റത്ത് ഹാദി ബേഗ്**

**മിർസാ മുഹമ്മദ് അസ്‌ലം**

**മിർസാ മുഹമ്മദ് ഖാഇം**   **മിർസാ മീർ മുഹമ്മദ്**

**മിർസാ ഫൈള് മുഹമ്മദ്**   **മിർസാ നൂർ മുഹമ്മദ്**

**മിർസാ ഗുൽ മുഹമ്മദ്**   **മിർസാ തസ്ദീഖ് ജീലാനി**

**മിർസാ അതാ മുഹമ്മദ്**   **മിർസാ കാസിം ബേഗ്** (മകൻ: **മിർസാ ഗുലാം ഗൗസ്**)   **മിർസാ ഗുലാം റസൂൽ**   **മിർസാ ഗുലാം സമദാനി** (ഭാര്യ : സന്ദൻ)   **മിർസാ ഗുലാം ജീലാനി** (ഭാര്യ : സകീന)

**മിർസാ ഗുലാം മുസ്തഫാ**   **മിർസാ ഗുലാം മുർതളാ**   **മിർസാ ഗുലാം മുഹമ്മദ്**   **മിർസാ ഗുലാം മുഹ്‌യുദ്ദീൻ**   **മിർസാ ഗുലാം ഹൈദർ**

**മിർസാ ഗുലാം ഖാദിർ**   **ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**   **മിർസാ ഗുലാം ഹുസൈൻ**

**മിർസാ ഇമാമുദ്ദീൻ, മിർസാ നിസാമുദ്ദീൻ, മിർസാ കമാൽ ദീൻ**

ഇതിൽ പ്രത്യേകം ബോൾഡ് ചെയ്ത ആളുകളെയാണ് 1865 ൽ ഖാദിയാനിൽ ഓഹരി ഉടമകളായി രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. ഖാദിയാന്റെ മൊത്തത്തിലുള്ള സ്വത്ത് അഞ്ച് ഓഹരികളായിട്ടാണ് വിഭജിക്കപ്പെട്ടിരുന്നത്. അതിൽ രണ്ട് ഓഹരികൾ മിർസാ തസ്ദീഖ് ജീലാനിയുടെ സന്തമ്പരപരമ്പരകൾക്കും, രണ്ട് ഓഹരികൾ മിർസാ ഗുൽ മുഹമ്മദ് സാഹിബിന്റെ സന്തമ്പരപരമ്പരകൾക്കും, ഒരു ഓഹരി മാനേജരായിരുന്ന മിർസാ ഗുലാം മുർത്തള സാഹിബിനും ലഭിച്ചു. പിന്നീട് ആ ഒരു ഓഹരി അദ്ദേഹത്തിന്റെ സന്തമ്പരപരമ്പരകൾക്കിടയിൽ മാത്രമായി വിഭജിക്കപ്പെട്ടു.

ഞങ്ങളുടെ പിതാമഹന്റെ (മിർസാ ഗുലാം മുർത്തള സാഹിബിന്റെ) വഫാത്തിന് ശേഷം, കൈവശാവകാശമില്ലാത്ത പങ്കാളികൾ മിർസാ ഇമാം ദീൻ തുടങ്ങിയവരുടെ കുഴപ്പങ്ങൾ കാരണം ഞങ്ങളുടെ മൂത്താപ്പ മിർസാ ഗുലാം ഖാദിർ സാഹിബിനെതിരെ സ്വത്ത് കൈയേറിയെന്നാരോപിച്ച് കേസ് ഫയൽ ചെയ്യുകയും, ഒടുവിൽ ചീഫ് കോടതിയിൽ മൂത്താപ്പാക്ക് എതിരായി വിധി വരികയും ചെയ്തു. അതിനുശേഷം, മിർസാ തസ്ദീഖ് ജീലാനിയുടെ മക്കളുടെയും മിർസാ ഖാസിം ബേഗിന്റെ മകനായ മിർസാ ഗുലാം ഗൗസിന്റെയും ഓഹരികൾ, മുൻകൂട്ടി ഉണ്ടാക്കിയ ഒത്തുതീർപ്പ് അനുസരിച്ച് മിർസാ അഅ്ളം ബേഗ് ലാഹോരി വാങ്ങി. ആ കേസിന്റെ മുഴുവൻ ചെലവുകളും ഈ ലക്ഷ്യത്തോടെ അദ്ദേഹം തന്നെയാണ് വഹിച്ചിരുന്നത്. ഗുലാം മുഹ്‌യുദ്ദീൻ സാഹിബിന്റെ മക്കൾ അവരവരുടെ ഓഹരികളുടെ ഉടമസ്ഥരായി. മിർസാ ഗുലാം ഹുസൈന് സന്താന പരമ്പരകൾ ഇല്ലാത്തതിനാൽ അദ്ദേഹത്തിന്റെ ഓഹരി മിർസാ ഗുലാം മുർത്തള സാഹിബിന്റെ മക്കൾക്കും മിർസാ ഗുലാം മുഹ്യദ്ദീൻ സാഹിബിന്റെ മക്കൾക്കുമായി ലഭിച്ചു.

ഈ സമയത്ത് മിർസാ തസ്ദീഖ് ജീലാനിയുടെയും മിർസാ ഖാസിം ബേഗിന്റെയും എല്ലാ കുടുംബ ശാഖകളും പൂർണ്ണമായും ഇല്ലാതായിരിക്കുന്നു. അതുപോലെ മിർസാ ഗുലാം ഹൈദറിന്റെ ശാഖയും ഇല്ലാതായിട്ടുണ്ട്. ഞങ്ങളുടെ മൂത്താപ്പ മിർസാ ഗുലാം ഖാദിർ സാഹിബും മിർസാ ഇമാം ദീനും മിർസാ കമാൽ ദീനും സന്താനങ്ങളില്ലാതെയാണ് വഫാത്തായത്. എന്നാൽ മിർസാ നിസാമുദ്ദീന് മിർസാ ഗുൽ മുഹമ്മദ് എന്ന് പേരുള്ള ഒരു മകനുണ്ട്. പക്ഷേ അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മീയ സന്താനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു.

അല്ലാഹു പറയുന്നു : : يَنْقَطِعُ اٰبَآؤُكَ وَيُبْدَأُ مِنْكَ (നിന്റെ പൂർവ്വികരുടെ പരമ്പര മുറിഞ്ഞുപോകുകയും നിന്നിൽ നിന്ന് അത് ആരംഭിക്കുകയും ചെയ്യും) *(തദ്കിറ പേജ് 397, 2004ലെ പതിപ്പ്).*

ഞങ്ങളുടെ കുടുംബ വൃക്ഷത്തിന്റെ എല്ലാ ശാഖകളും പച്ചപിടിച്ചുനിന്നിരുന്ന കാലത്താണ് ഈ ഇൽഹാം ഉണ്ടായത്. (തുടരും)

## ജമാഅത്തുകളുടെ ശ്രദ്ധക്ക്!

ജമാഅത്തുകളിൽ നടക്കുന്ന പരിപാടികളുടെ സംക്ഷിപ്ത റിപ്പോർട്ടും നല്ല ക്ലാരിറ്റിയുള്ള ഫോട്ടോയും ബദർ ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുതിനായി താഴെ ചേർക്കുന്ന ഇ മെയിൽ അഡ്രസ്സിൽ അയക്കുക. ഒന്നിലേറെ ഫോട്ടോകൾ ചേർത്തുവെച്ച് പിഡിഎഫ് ആക്കി അയച്ചാൽ പ്രസിദ്ധീകരിക്കുന്നതല്ല. നല്ല ക്ലാരിറ്റിയുള്ള ഒന്നോ രണ്ടോ ഫോട്ടോകൾ മാത്രം അയക്കുക. ക്ലാരിറ്റി കുറഞ്ഞ ഫോട്ടോകളും സ്രിദ്ധീകരിക്കാൻ സാധിക്കുന്നതല്ല.

badrqadian@gmail.com

(പത്രാധിപർ)

⇨ നിവേദനങ്ങളും ഒന്നുപോലെയാണ്. തങ്ങളുടെ അപൂർണ്ണമായ ബുദ്ധിയല്ലാതെ മറ്റൊരു സാക്ഷ്യവും വിശ്വസയോഗ്യമല്ലെന്നാണ് അവരുടെ നിലപാട്. ഓരോ നിവേദനവും സൂക്ഷ്മമായി പരിശോധിക്കാനും ആധികാരികമാക്കാനും മുസ്‌ലിം ഗവേഷക പണ്ഡിതന്മാർ തങ്ങളുടെ ജീവിതകാലം മുഴുവൻ എങ്ങനെയാണ് ഉഴിഞ്ഞുവെച്ചത് എന്നതിലൊന്നും പടിഞ്ഞാറൻ ജനതയ്ക്ക് യാതൊരു താൽപ്പര്യവുമില്ല. ഓരോ നിവേദകന്റെയും ജീവിതത്തിലെ കൃത്യമായ വിശദാംശങ്ങളെക്കുറിച്ചുള്ള സമഗ്രമായ അന്വേഷണത്തിന് ശേഷം, അവർ നിവേദന ശാസ്ത്രത്തിൽ ഒരു യഥാർത്ഥ വിശകലന രീതി സ്ഥാപിക്കുകയാണുണ്ടായത്. ആരുടെയും പേനയും നാവും തടയാൻ സാധിക്കില്ല; എങ്കിലും, എല്ലാവരാലും സത്യസന്ധതയും വിശ്വസ്തതയും അംഗീകരിക്കപ്പെട്ട മുസ്‌ലിം ഗവേഷക പണ്ഡിതന്മാർ വാഖിദിയെക്കുറിച്ച് നടത്തിയിട്ടുള്ള അഭിപ്രായങ്ങളും പ്രസ്താവനകളും ഇവിടെ ചേർക്കാം. (തുടരും)

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

EDITOR
H.SHAMSUDDIN
Mobile : +91 99460 21252
e-mail : akhbaarbadarmalayalamqdn@gmail.com
badarmalayalam@gmail.com
Layout: HA Creative Graphics

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-11
Issue:36

ACT. MANAGER
ATHAR AHMAD SHAMIM
Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

POSTAL REG NO GDP-44/2026-28 **Thursday 3 September 2026**

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ
**സീറത്തുന്നബി(സ)**
വിവ: അബൂ സബാഹ്

## ആദ്യകാല നബി ചരിത്രങ്ങളും ചരിത്ര ഗ്രന്ഥങ്ങളും

| ക്ര.നം | ഗ്രന്ഥം | ഗ്രന്ഥകർത്താവ് | വിവരണം |
|---|---|---|---|
| 11 | കിതാബുൽ ഖിരാജ് | ഖാദി അബൂ യൂസുഫ് യഅ്കൂബ് ബിൻ ഇബ്രാഹിം (മരണം: ഹിജ്‌രി 182) | അബൂ യൂസുഫ് ശ്രദ്ധേയനായ ഒരു ഫിഖ്ഹ് പണ്ഡിതൻ ആയിരുന്നു. ഇമാം അബൂ ഹനീഫയുടെ പ്രമുഖ ശിഷ്യന്മാരിൽ ഒരാളായിരുന്നു. ഈ ഗ്രന്ഥത്തിൽ കീഴടക്കപ്പെട്ട ഗോത്രങ്ങൾക്കുമേൽ തിരുനബി(സ)യും അവിടുത്തെ ഖലീഫമാരും ചുമത്തിയ നികുതികളുടെ ചരിത്രപരമായ വിവരണമാണുള്ളത്. |
| 12 | മുറൂജുദ്ദഹബ | അബുൽ ഹസൻ അലി ബിൻ ഹുസൈൻ മസ്ഊദി(മരണം : ഹിജ്‌രി 346 ) | ലോകത്തെ വിവിധ രാഷ്ട്രങ്ങളുടെയും രാജ്യങ്ങളുടെയും ചരിത്രപരമായ വസ്തുതകളിൽ തുടങ്ങി അറേബ്യൻ ചരിത്രത്തിന്റെ ഒരു കാഴ്ചപ്പാടോടെയാണ് ഈ പുസ്തകം ആരംഭിക്കുന്നത്. ബനൂ അബ്ബാസിന്റെ ഖിലാഫത്ത് വരെയുള്ള ഇസ്‌ലാമിക ചരിത്രമാണ് ഈ കൃതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. |
| 13 | താരീഖു മക്ക | അബുൽ വലീദ് മുഹമ്മദ് ബിൻ അബ്ദുൽ കരീം അസ്റഖി(മരണം : ഹിജ്‌രി 223 ) | മക്കയുടെ ആദ്യകാല ചരിത്രം ഉൾക്കൊള്ളുന്ന ഒരു ആധികാരിക ഗ്രന്ഥം. |
| 14 | സിഫത്തു ജസീറതിൽ അർബ് | അബൂ മുഹമ്മദ് ഹസൻ ബിൻ അഹമദ് ബിൻ യഅ്കൂബ് അൽഹംദാനി അൽമഅ്റൂഫ് ബിൻ ഹാഇക്(മരണം : ഹിജ്‌രി 334) | അറേബ്യയുടെ ആദ്യകാല ഭൂമിശാസ്ത്രം ഉൾക്കൊള്ളുന്ന ഒരു ആധികാരിക ഗ്രന്ഥം. |

ചരിത്രപരമായ ഈ ശേഖരം തിരുനബി(സ)യുടെ സീറത്തിന്റെയും ആദ്യകാല ഇസ്‌ലാമിക ചരിത്രത്തിന്റെയും യഥാർത്ഥ ഉറവിടവും സ്രോതസ്സുമാണ്. തുടർന്നുള്ള ഗ്രന്ഥങ്ങളെല്ലാം ഈ പ്രാഥമിക സ്രോതസ്സിൽ നിന്ന് ഉരുത്തിരിഞ്ഞുണ്ടായവയാണ്. എന്നിരുന്നാലും, മുകളിൽ സൂചിപ്പിച്ചതുപോലെ, ഈ കൃതികളെല്ലാം സീറത്തിന്റെ പുസ്തകങ്ങളോ പൂർണ്ണാർത്ഥത്തിലുള്ള ചരിത്രപുസ്തകങ്ങളോ അല്ല. ഈ പുസ്തകങ്ങളിൽ ചർച്ച ചെയ്യപ്പെടുന്ന വിഷയങ്ങൾ തിരുനബി(സ)യുടെ ജീവിതവുമായും ആദ്യകാല ഇസ്‌ലാമിന്റെ ചരിത്രവുമായും സ്വാഭാവികമായി ഒത്തുപോകുന്നതിനാൽ, മുകളിൽ പരാമർശിച്ചിട്ടുള്ള സീറത്തിന്റെ പുസ്തകങ്ങളിൽ ഇവ ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻപ് സൂചിപ്പിച്ചതുപോലെ, ഇന്ന് നിലവിലുള്ളതും പൂർണ്ണമായും സീറത്തെക്കുറിച്ച് പ്രതിപാദിക്കുന്നതുമായ നാല് ആദ്യകാല പുസ്തകങ്ങൾ മാത്രമേയുള്ളൂ. ഈ പുസ്തകങ്ങൾ സീറത്ത് ഇബ്നു ഹിശാം, കിതാബുസ്സീറത്ത് വൽമഗാസി ലി വാഖിദി, തബഖാത്ത് ഇബ്നു സഅ്ദ്, താരീഖുത്ത്വബരി എന്നിവയാണ്. എങ്കിലും, വാഖിദിയുടെ നിവേദനങ്ങൾ പലപ്പോഴും വിമർശിക്കപ്പെടുകയും തള്ളിക്കളയുകയും ചെയ്യാറുള്ളതിനാൽ, പ്രായോഗികമായി മൂന്ന് പ്രധാന സ്രോതസ്സുകൾ മാത്രമാണ് അവശേഷിക്കുന്നത്, അവ: ഇബ്നു ഹിശാം, ഇബ്നു സഅ്ദ്, ത്വബരി എന്നിവയാണ്. വിശുദ്ധ ഖുർആനും ഹദീസും മാറ്റിനിർത്തിയാൽ, സീറത്തിന്റെ യഥാർത്ഥ അടിത്തറ ഈ മൂന്ന് പ്രാഥമിക പുസ്തകങ്ങളിലാണ് പടുത്തുയർത്തിയിരിക്കുന്നത് എന്നതിൽ സംശയമില്ല.

### വാഖിദിയെക്കുറിച്ചുള്ള ഒരു ലഘുവിവരണം

വാഖിദിയെക്കുറിച്ച് ആദ്യം ഒരു പ്രത്യേക കുറിപ്പ് ആവശ്യമുണ്ടായിരുന്നില്ല, എന്നാൽ നിർഭാഗ്യവശാൽ, യഥാർത്ഥ വസ്തുത വെളിപ്പെടുത്തുന്നതിന് ഒരു പ്രത്യേക കുറിപ്പ് അനിവാര്യമായിത്തീരുമാംവിധം യൂറോപ്യൻ എഴുത്തുകാർ അദ്ദേഹത്തിന് അമിത പ്രാധാന്യം നൽകിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചതുപോലെ, വാഖിദിയുടെ ജീവിതകാലം ഹിജ്റ 130 മുതൽ ഹിജ്റ 207 വരെയുള്ള കാലഘട്ടമാണ്. കാലപ്പഴക്കത്തിന്റെ കാര്യത്തിൽ, മറ്റ് ചരിത്രകാരന്മാരെക്കാൾ പിന്നിലല്ല വാഖിദിയുടെ സ്ഥാനം എന്നതിൽ സംശയമില്ല. എങ്കിലും, ഈ ഒരു ഘടകം മാത്രം ഒരാളുടെ വ്യക്തിപരമായ ഗുണങ്ങളെയോ സ്വഭാവങ്ങളെയോ മാറ്റുകയില്ല. യഥാർത്ഥ വസ്തുത എന്തെന്നാൽ, അദ്ദേഹത്തിന്റെ അറിവിന്റെ വ്യാപ്തി എത്രയൊക്കെയാണെങ്കിലും വാഖിദി, പൂർണമായും വിശ്വാസത്തിലെടുക്കാനോ ആശ്രയിക്കാനോ കൊള്ളാത്തവനായിരുന്നു. അദ്ദേഹം സത്യം വളച്ചൊടിക്കുന്നവനും കള്ളം പറയുന്നവനുമാണെന്ന കാര്യത്തിൽ ഗവേഷകരായ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരാണ്.

ഇതിനർത്ഥം അദ്ദേഹത്തിന്റെ എല്ലാ നിവേദനങ്ങളും തെറ്റും അസത്യവുമാണെന്നല്ല. ഏറ്റവും വലിയ വ്യാജന്മാർ പോലും എല്ലാ സമയത്തും കള്ളം പറയാറില്ല. മറിച്ച്, കള്ളം പറയുന്നയാൾ നടത്തുന്ന പല പ്രസ്താവനകളും സത്യമുള്ളവയും വസ്തുതകളോട് നീതി പുലർത്തുന്നവയുമാണ് എന്നതാണ് യാഥാർത്ഥ്യം. എങ്കിലും, ഒരു വ്യാജവാദിയുടെ പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ ആധികാരികമായ ഒരു തീരുമാനത്തിൽ എത്തിച്ചേരാനാകില്ല എന്നതിൽ യാതൊരു സംശയവുമില്ല. വാഖിദി വലിയ ഒരു പണ്ഡിതനായിരുന്നുവെന്നതും അദ്ദേഹത്തിന്റെ ചരിത്രപരമായ അറിവിന്റെ വ്യാപ്തി സ്വന്തം കാലഘട്ടത്തിലെ മറ്റേതൊരു ചരിത്രകാരനും വെല്ലുവിളിക്കാൻ കഴിയാത്തത്ര വലുതായിരുന്നുവെന്നതും നിഷേധിക്കാനാവാത്ത ഒരു വസ്തുതയാണ്.

ശേഷം പേജ് 10 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin